12
2026
മേയ്
ചൊവ്വ
മേടം 29

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 97 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-97 പേജ് 4. വില 2.00 രൂപ








02 മുഖ്യമന്ത്രിയെ ചൊല്ലി കോൺഗ്രസിൽ അനിശ്ചിതത്വം; ട്രോളുമായി രാജീവ് ചന്ദ്രശേഖർ

03 സമാധാനക്കരാർ തള്ളി ട്രംപ്; പശ്ചിമേഷ്യയിൽ യുദ്ധം തുടരും

04 മാനസിക വെല്ലുവിളി നേരിടുന്ന മകൻ അമ്മയുടെ മൃതദേഹത്തിനോപ്പം കഴിഞ്ഞത് നാല് ദിവസത്തോളം


# പെട്രോൾ-ഡീസൽ വാഹനങ്ങൾക്ക് ഇനി ഭാവിയുണ്ടാകില്ല: കേന്ദ്രമന്ത്രി

## ബദൽ ഇന്ധനങ്ങളിലേക്ക് മാറാൻ നിതിൻ ഗഡ്കരിയുടെ മുന്നറിയിപ്പ്



ന്യൂഡൽഹി: ഭാവിയിൽ പെട്രോൾ, ഡീസൽ വാഹനങ്ങൾക്ക് രാജ്യത്ത് സ്ഥാനമുണ്ടാകില്ലെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ ബദൽ ഇന്ധനങ്ങളിലേക്ക് വാഹന നിർമാതാക്കൾ എത്രയും വേഗം മാറണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. 'ബസ്‌വേൾഡ് ഇന്ത്യ കോൺക്ലേവ് 2025'-ൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിലൂടെ പൊതുഗതാഗത സംവിധാനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി. സിഎൻജി, എൽഎൻജി, ബയോ ഫ്യൂവലുകൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയിലേക്ക് കമ്പനികൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. പെട്രോളിയം ഉത്പന്നങ്ങളുടെ ഇറക്കുമതി രാജ്യത്തിന് വലിയ സാമ്പത്തിക ഭാരവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്.

ഭാവിയിലെ ഇന്ധനം ഹൈഡ്രജനാണ്. രാജ്യത്തെ 10 പ്രധാന റൂട്ടുകളിൽ ഹൈഡ്രജൻ ട്രക്കുകളും ബസുകളും പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ചു തുടങ്ങിയിട്ടുണ്ട്. ടാറ്റാ മോട്ടോഴ്സ്, വോൾവോ, അശോക് ലെയ്‌ലൻഡ് തുടങ്ങിയ മുൻനിര കമ്പനികൾ ഈ പദ്ധതിയിൽ സഹകരിക്കുന്നുണ്ട്.

ഇന്ത്യയിൽ സുലഭമായി നിർമ്മിക്കാൻ കഴിയുന്ന എഥനോൾ ഇന്ധനമായി ഉപയോഗിക്കുന്ന ഫ്ലെക്സ്-ഫ്യൂവൽ എഞ്ചിനുകൾ വികസിപ്പിക്കാൻ നിർമാതാക്കൾ തയ്യാറാകണം.

ബസുകളുടെ ബോഡി നിർമ്മാണത്തിലും സുരക്ഷയിലും ഇനി സ്വയം സാക്ഷ്യപ്പെടുത്തൽ അനുവദിക്കില്ല. വാഹനങ്ങളുടെ ഫിസിക്കൽ, വീഡിയോ പരിശോധനകൾക്ക് ശേഷം മാത്രമേ 'വാഹൻ' പോർട്ടലിൽ രജിസ്ട്രേഷൻ അനുവദിക്കൂ. ഗുണമേന്മയ്ക്കും സുരക്ഷയ്ക്കുമായിരിക്കണം കമ്പനികൾ മുൻഗണന നൽകേണ്ടത്.

അടുത്ത മൂന്ന് വർഷത്തിനുള്ളിൽ രാജ്യത്ത് 1.5 ലക്ഷം ഇലക്ട്രിക് ബസുകളുടെ ആവശ്യകത ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. എന്നാൽ നിലവിൽ പ്രതിവർഷം 70,000 ബസുകൾ നിർമ്മിക്കാനുള്ള ശേഷി മാത്രമേ ഇന്ത്യയ്ക്കുള്ളൂ. ഈ വിടവ് നികത്താൻ നിർമ്മാതാക്കൾ കൂടുതൽ നിക്ഷേപം നടത്തണമെന്നും മന്ത്രി നിർദ്ദേശിച്ചു.

# 48 മണിക്കൂറിനുള്ളിൽ മുഖ്യമന്ത്രി പ്രഖ്യാപനം; ഡൽഹിക്ക് തിരിക്കാൻ കെ. മുരളീധരൻ

ന്യൂഡൽഹി: കേരളത്തിന്റെ അടുത്ത മുഖ്യമന്ത്രിയെക്കുറിച്ചുള്ള അന്തിമ തീരുമാനം 48 മണിക്കൂറിനുള്ളിൽ ഉണ്ടാകുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. മുഖ്യമന്ത്രി പ്രഖ്യാപനം സംബന്ധിച്ച അനിശ്ചിതത്വങ്ങൾ തുടരുന്നതിനിടെ, ഹൈക്കമാൻഡുമായുള്ള നിർണായക ചർച്ചകൾക്കായി മുരളീധരൻ നാളെ രാവിലെ ഡൽഹിക്ക് തിരിക്കും.മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഹൈക്കമാൻഡ് വേഗത്തിലാക്കിയിരിക്കുകയാണ്. വരും മണിക്കൂറുകളിൽ കേരളത്തിൽ നിന്നുള്ള മുതിർന്ന നേതാക്കളുമായി ദേശീയ നേതൃത്വം കൂടിക്കാഴ്ച നടത്തും.

കേരളത്തിലെ രാഷ്ട്രീയ സാഹചര്യം സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും എല്ലാവർക്കും സ്വീകാര്യമായ ഒരു തീരുമാനമായിരിക്കും ഉണ്ടാകുകയെന്നും ഹൈക്കമാൻഡ് വൃത്തങ്ങൾ സൂചിപ്പിച്ചു. ചർച്ചകളിൽ തൻറെ നിലപാട് വ്യക്തമാക്കിയ ശേഷം മുരളീധരൻ ഉടൻ മടങ്ങിയെത്തും.

മുഖ്യമന്ത്രി സ്ഥാനത്തേക്ക് കെ.സി. വേണുഗോപാൽ ഉൾപ്പെടെയുള്ളവരുടെ പേരുകൾ സജീവമായി പരിഗണിക്കപ്പെടുന്നതിനിടെയാണ് മുരളീധരൻറെ ഈ പ്രസ്താവന. വരുംദിവസങ്ങളിൽ കേരള രാഷ്ട്രീയത്തിൽ വലിയ തീരുമാനങ്ങൾ ഉണ്ടാകുമെന്നാണ് കോൺഗ്രസ് കേന്ദ്രങ്ങൾ നൽകുന്ന സൂചന.

# മുഖ്യമന്ത്രി: തൻെറ നിലപാട് ഹൈക്കമാൻഡിനോട് പറഞ്ഞിട്ടുണ്ടെന്ന് മുല്ലപ്പള്ളി രാമചന്ദ്രൻ

തിരുവനന്തപുരം: കേരളത്തിലെ മുഖ്യമന്ത്രി ആരെന്നതിൽ തീരുമാനം വൈകില്ലെന്നും പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുമെന്നും മുല്ലപ്പള്ളി രാമചന്ദ്രൻ.

തൻറെ നിലപാട് ഹൈക്കമാൻഡിനോട് പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഡൽഹിയിൽ എത്താൻ പറഞ്ഞിട്ടുണ്ടായിരുന്നു. എത്താൻ കഴിയില്ലെന്ന കാര്യം അറിയിച്ചിട്ടുണ്ട്.

എത്രയും പ്രശ്നം തീർക്കാനായിട്ടാണ് എല്ലാവരെയും ഡൽഹിയിലേക്ക് വിളിക്കുന്നത്.

ചർച്ചകൾ പൂർത്തിയായിട്ടുണ്ടെന്ന് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു.

ഡൽഹിയിൽ പോകുന്നില്ലെങ്കിലും കൃത്യമായി നിലപാട് അറിയിക്കും. രാഹുൽ ഗാന്ധി വിളിക്കാനുള്ള സാധ്യത തള്ളിക്കളയുന്നില്ല. തൻറെ അഭിപ്രായം രേഖപ്പെടുത്തും.

അഭിപ്രായം രേഖപ്പെടുത്താൻ ഡൽഹിയിൽ തന്നെ പോകണമെന്ന് നിർബന്ധമില്ലല്ലോയെന്ന് മുല്ലപ്പള്ളി രാമചന്ദ്രൻ ചോദിച്ചു.

# യുവതിക്കുനേരെ ലൈംഗികാതിക്രമം; എസ്ഐ അറസ്റ്റിൽ

കൊച്ചി: പരാതി നൽകാനെത്തിയ യുവതിക്കു നേരെ ലൈംഗികാതിക്രമം നടത്തിയ കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന ഗ്രേഡ് എസ് ഐ പിടിയിൽ. എളമക്കര പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്ഐ മുജീബ് റഹ്മാനെയാണ് സിറ്റി പോലീസ് അറസ്റ്റ് ചെയ്തത്.

ലൈംഗികാതിക്രമത്തിന് പുറമെ ഭീഷണിപ്പെടുത്തൽ, കൈക്കൂലി ആവശ്യപ്പെടൽ തുടങ്ങി ഗുരുതരമായ ആരോപണങ്ങളാണ് ഇയാൾക്കെതിരെ ഉയർന്നിട്ടുള്ളത്. സ്റ്റേഷനിൽ പരാതി നൽകാനെത്തിയ യുവതിയെ ഇയാൾ നിരന്തരം ശല്ല്യപ്പെടുത്തിയിരുന്നു.താൻ പറഞ്ഞത് അനുസരിച്ചില്ലെങ്കിൽ ലഹരിക്കേസിൽ പെടുത്തുമെന്ന് പറഞ്ഞ് ഇയാൾ യുവതിയെ ഭീഷണിപ്പെടുത്തിയിരുന്നു. തുടർന്ന് യുവതി ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് പരാതി നൽകുകയായിരുന്നു. കേസെടുത്തതോടെ മുജീബ് റഹ്മാൻ ഒളിവിൽ പോകുകയായിരുന്നു.കേസ് രജിസ്റ്റർ ചെയ്തതിനു പിന്നാലെ മുജീബിനെ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തിരുന്നു. ഒരു ഡോക്ടറെയും ഇയാൾ ലഹരിക്കേസിൽ കുടുക്കുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നു. കേസിൽ കുടുക്കാതിരിക്കാൻ ഒന്നര ലക്ഷം രൂപയാണ് ഇയാൾ കൈക്കൂലിയായി ആവശ്യപ്പെട്ടത്.

# വേൾഡ് മാസ്റ്റേഴ്സ് പവർ ലിഫ്റ്റിംഗ് ഗെയിംസ്; ഇന്ത്യയ്ക്കായി കൊല്ലം സ്വദേശികൾ

കൊല്ലം: ഗോവയിൽ നടക്കാനിരിക്കുന്ന 'വേൾഡ് മാസ്റ്റേഴ്സ് പവർ ലിഫ്റ്റിംഗ് ഗെയിംസ് 2026ൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ കൊല്ലം സ്വദേശികളായ മൂന്നു കായികതാരങ്ങൾ അർഹത നേടി. കെഎസ് ജിംനേഷ്യത്തിൽ പരിശീലനം നേടുന്ന മേവറം സ്വദേശി നിസാർ (74 കിലോ വിഭാഗം), ഇരവിപുരം സ്വദേശിയായ അനീഷ് എം. ആർ. (59 കിലോ വിഭാഗം), മേവറം സ്വദേശി അശ്വനി സൂരജ് (84 കിലോ വിഭാഗം) എന്നിവരാണ് ലോകവേദിയിൽ കരുത്ത് തെളിയിക്കാൻ ഒരുങ്ങുന്നത്. ദേശീയ-അന്തർദേശീയ തലത്തിൽ നിരവധി കായികതാരങ്ങളെ വാർത്തെടുത്ത കെഎസ് ജിംനേഷ്യത്തിൻറെ പാരമ്പര്യം കാത്തുസൂക്ഷിച്ചാണ് ഈ യുവതാരങ്ങൾ അന്താരാഷ്ട്ര തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. പരിശീലകനും ഇതേ മത്സരത്തിൽ ഒഫീഷ്യലായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത വേണുമാധവൻറെ ശിക്ഷണത്തിലാണ് ഇവർ പരിശീലനം പൂർത്തിയാക്കിയത്. ലോകവേദിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട താരങ്ങളെ ഇരവിപുരം മണ്ഡലം പ്രതിനിധി വിഷ്ണുമോഹൻ തട്ടാമല കെഎസ് ജിംനേഷ്യത്തിൽ ആദരിച്ചു. 13 മുതൽ 16 വരെ ഗോവയിലെ മഡ്ഗാവിലാണ് വേൾഡ് മാസ്റ്റേഴ്സ് പവർ ഗെയിംസ് നടക്കുന്നത്.

# കൊമ്പന്മാരെ വീഴ്ത്തി ; ലാലിഗയിൽ കിരീടം തൂക്കി ബാഴ്സ

ബാഴ്സലോണ: സ്പാനിഷ് ലാലിഗ എൽ ക്ലാസിക്കോയിൽ റയൽ മഡ്രിഡിനെ തകർത്ത് ബാഴ്സലോണ കിരീടം നിലനിർത്തി. എതിരില്ലാത്ത രണ്ട് ഗോളിന് ചിരവൈരികളായ റയലിനെ പരാജയപ്പെടുത്തിയാണ് ബാഴ്സ കിരീടം സ്വന്തമാക്കിയത്.

ഒമ്പതാം മിനിറ്റിൽ മാർകസ് റാഷ്ഫോഡും 18-ാം മിനിറ്റിൽ ഫെറാൻ ടോറസുമാണ് ലക്ഷ്യം കണ്ടത്. രണ്ട് ഗോളുകൾ പിറന്നതോടെ റയൽ താരങ്ങൾ തലങ്ങും വിലങ്ങും ആക്രമിച്ച് കളിച്ചെങ്കിലും ഗോളുമാത്രം പിറന്നില്ല. മൂന്ന് മത്സരങ്ങൾ ബാക്കിനിർത്തിയാണ് ബാഴ്സ കിരീടം ഉറപ്പിച്ചിരിക്കുന്നത്.പന്തടക്കത്തിലും പാസുകളിലും ഷോട്ടുകളിലുമെല്ലാം ബാഴ്സിലോന മത്സരത്തിൽ മേൽക്കൈ നേടി. ഇതോടെ 35 മത്സരങ്ങളിൽ മുപ്പതും ജയിച്ച് ഒന്നാമതുള്ള ബാഴ്സയ്ക്ക് 91 പോയിൻറായി. കിരീടം നിലനിർത്താൻ ബാഴ്സയ്ക്ക് ഒരു സമനില തന്നെ ധാരാളമായിരുന്നു.

# തീരത്തെ പെൺ കുട്ടികൾ ക്രിക്കറ്റിലും മിന്നിത്തിളങ്ങുന്നു

പി സ്റ്റെല്ലസ്

തിരുവനന്തപുരംജില്ലയിലെ തീരദേശ മേഖലയ്ക്ക് അഭിമാനമായി രണ്ട് പെൺകുട്ടികൾ ക്രിക്കറ്റ് രംഗത്ത് ശ്രദ്ധേയ നേട്ടം കൈവരിച്ചു . ഈ മേഖലയിൽ സാമൂഹ്യ സാംസ്കാരിക കായിക മേഖലയിലുള്ള പ്രതിഭകളെ ഉന്നത തലങ്ങളിൽ എത്തിക്കുന്നതിൽ സെന്റ് മേരിസ് ക്രിക്കറ്റ് ന്നു ന്നു വഴി കാട്ടിയായി .

അണ്ടർ15 വിഭാഗത്തിൽ നദാ ഫാത്തിമയും അണ്ടർ 19 വിഭാഗത്തിൽ സുബി ഏയ്ഞ്ചലും തിരുവനന്തപുരം ജില്ലാ ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിൽ കൂടാതെ, ജില്ലാ ടീമിൽ നിന്നു കേരള ക്രിക്കറ്റ് അസോസിയേഷന്റെ പ്രമുഖ ടൂർണമെന്റായ സെന്റർ സോണിലേക്കും നദാ ഫാത്തിമയും തിരഞ്ഞെടുക്കപ്പെട്ടത് ഏറെ അഭിമാനകരമായ നേ ട്ടമാണ്.

മികച്ച ബൗളിംഗ് ഓൾറൗണ്ടർമാരായ ഈ രണ്ടു പെൺകുട്ടികളും ഭാവിയിൽ തീരദേശ മേഖലയുടെയും ( പ്രത്യേകിച്ച് നാടിന്റെയും ) കേരളത്തിന്റെയും ഇന്ത്യയുടെയും അഭിമാന താരങ്ങളായി വളരുമെന്ന വലിയ പ്രതീക്ഷയാണ് തീരദേശ ജനതയ്ക്കുള്ളതെന്ന് ചൂണ്ടിക്കാണിക്കുന്നു.

നദാ ഫാത്തിമയുടെ അച്ഛൻ സൈനുദ്ദീൻ തിരുവനന്തപുരം സംസം റസ്റ്റോറന്റിന്റെ ഡെലിവറി തൊഴിലാളിയും കൂടിയാണ് ഫാത്തിമയുടെയും മകളാണ്. സുബി ഏയ്ഞ്ചൽ മത്സ്യതൊഴിലാളിയായ സുഭാഷിന്റെയും മേരിയുടെയും മകളാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇരുവരും വെട്ടുകാട് സെന്റ് മേരീസ് ക്രിക്കറ്റ് അക്കാദമിയിലാണ് പരിശീലനം നേടിവരുന്നത്.

ക്രിക്കറ്റിന്റെ അടിസ്ഥാന പാഠങ്ങൾ പഠിപ്പിച്ച അക്കാദമിയുടെയും പരിശീലകരുടെയും ആത്മാർത്ഥ പരിശ്രമം ഈ വിജയങ്ങൾക്ക് പിന്നിലുണ്ടെന്ന് ലേഖകൻ.




കഠിനാധ്വാനവും സമർപ്പണബോധവും കൊണ്ട് മുന്നേറുന്ന ഈ പെൺകുട്ടികൾ തീരദേശ യുവതലമുറയ്ക്ക് വലിയ പ്രചോദനമാണെന്നും, മറ്റു കളിക്കാർക്കും മാതൃകയാണെന്നും ഇവരുടെ നേട്ടം മുഴുവൻ മത്സ്യതൊഴിലാളി സമൂഹത്തിനും മറ്റു മേഖലയിൽ നിന്ന് വരുന്ന കളിക്കാർക്കും അഭിമാനമാണ്.

കായികരംഗത്ത് കൂടുതൽ ഉയരങ്ങൾ കീഴടക്കി കേരളത്തിന്റെയും രാജ്യത്തിന്റെയും അഭിമാന താരങ്ങളായി മാറാൻ നദാ ഫാത്തിമക്കും സുബി ഏയ്ഞ്ചലിനും കഴിയട്ടെയെന്ന് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

(ലേഖകൻ മുൻ കായിക താരവും സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് കൂടിയാണ് പി സ്റ്റെല്ലസ് )




# സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

മലിനീകരണ നിയന്ത്രണ പ്രവർത്തനരംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ചതിന് തിരഞ്ഞെടുത്ത മേഖലകൾക്ക് കീഴിലുള്ള യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു.

മലിനീകരണ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം, മിഷൻ ലൈഫ് ലക്ഷ്യങ്ങൾ നേടിയെടുക്കൽ എന്നീ മേഖലകളിൽ മികവ് പുലർത്താനുള്ള മനോഭാവം സ്ഥാപനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനാണ് അവാർഡ്.

വ്യവസായശാലകൾ (വൻകിടം, ഇടത്തരം, ചെറുകിടം), സ്റ്റോൺ ക്രഷർ, ഡയറി വ്യവസായം, ആശുപത്രികൾ (സർക്കാർ, സ്വകാര്യ), വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റീസ് (യൂസ്ഡ് ഓയിൽ/ വേസ്റ്റ് ഓയിൽ റീസൈക്ലിങ് യൂണിറ്റ്, വേസ്റ്റ് ടയർ റീസൈക്ലിങ് യൂണിറ്റ്, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിങ് യൂണിറ്റ്, റെൻഡറിങ് പ്ലാന്റ്, കോമൺ ബയോ-മെഡിക്കൽ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കോർപ്പറേഷൻ & മുനിസിപ്പാലിറ്റി), ഹോട്ടൽ, റിസോർട്ട്സ്, പ്രിന്റ് ആൻഡ് വിഷ്വൽ മീഡിയ, എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ, സീപ്പോർട്ട്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാട്ടർ തീം പാർക്ക്, ആരാധനാലയങ്ങൾ, ബസ്സ് ടെർമിനൽ (കൊമേഴ്സ്യൽ സ്പേസ് ഡിപ്പോ, സർവീസ് സ്റ്റേഷൻ തുടങ്ങിയ സംയോജിത സൗകര്യങ്ങളോടെ), ഇഋഠജ, ഇടഠജ, എടഠജ, റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ്, ഹരിത വിദ്യാലയം എന്നീ മേഖലകളിൽ ഈ വർഷത്തെ അവാർഡുകൾ നൽകാനും തീരുമാനിച്ചു.

ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മമായി അവലോകനം ചെയ്ത് ഷോർട്ട്ലിസ്റ്റ് യൂണിറ്റുകളിൽ പരിശോധന നടത്തി ഇതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്നതാണ്. ട്രോഫിയും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് അവാർഡ്.

അപേക്ഷാഫോം kspcb.kerala.gov.in -ൽ ലഭ്യമാണ്. അപേക്ഷകൾ സമർപ്പിക്കാൻ താല്പര്യമുള്ളവർ മുകളിൽ പറയുന്ന വെബ്സൈറ്റിൽ അപേക്ഷാഫോം പൂരിപ്പിച്ച് ഓൺലൈനായി തന്നെ സമർപ്പിക്കാം. പൂരിപ്പിച്ച അപേക്ഷ keralastatepcbawards @gmail.com എന്ന ഇ-മെയിൽ ഐഡിയിൽ സമർപ്പിക്കാം. വിശദവിവരങ്ങൾ ഈ സൈറ്റിൽ തന്നെ ലഭ്യമാണ്. അപേക്ഷ പൂരിപ്പിക്കുവാനുള്ള അവസാന തീയതി മേയ് 20 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

# പഠനകിറ്റിന് അപേക്ഷ ക്ഷണിച്ചു

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മക്കൾക്ക് 2026-27 അദ്ധ്യയന വർഷത്തേയ്ക്ക് പഠനകിറ്റ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ/ എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകളിൽ 2026-27 അധ്യയന വർഷത്തിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പഠന കിറ്റിന് അർഹതയുള്ളത്.2026-27 അധ്യയന വർഷത്തിൽ വിദ്യാർത്ഥി ഏത് ക്ലാസിൽ പഠിക്കുന്നു എന്ന് വ്യക്തമാക്കുന്ന സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം. പ്രസ്തുത സർട്ടിഫിക്കറ്റിൽ രക്ഷാകർത്താവിന്റെ പേര് രേഖപ്പെടുത്തണം. തൊഴിലാളി ജോലി ചെയ്യുന്ന ജില്ലയിലെ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.അപേക്ഷാഫോമിന്റെ മാതൃകയും വിശദവിവരങ്ങളും കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ നിന്നും ലഭിക്കും. വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസുകളിൽ അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി മേയ് 15 ആണ്. നിർദ്ദിഷ്ട മാതൃകയിൽ അല്ലാത്തതും മതിയായ രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കും. ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസിൽ നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതല്ല. പഠനകിറ്റ് അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് തീയതി മുതൽ 2 മാസത്തിനകം കിറ്റ് കൈപ്പറ്റണം.

# ആർസിസിയിൽ ഒഴിവ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ / സീനിയർ റസിഡന്റ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മെയ് 23. വിശദ വിവരങ്ങൾക്ക്: www.rcctvm.gov.in.

# കെ-മാറ്റ്: അപേക്ഷാ തീയതി നീട്ടി

2026-27 അദ്ധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിനുള്ള കെ-മാറ്റ് (സെക്ഷൻ-കക) പ്രവേശന പരീക്ഷയുടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മെയ് 14 വൈകിട്ട് 6 വരെ നീട്ടി. യോഗ്യരായ വിദ്യാർത്ഥികൾ www.cee.kerala.gov.in വഴി അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും വെബ്സൈറ്റിൽ ഏപ്രിൽ 27 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനം കാണുക. ഫോൺ: 0471-2332120.

# അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസാന തീയതി ദീർഘിപ്പിച്ചു

2026-27 അധ്യയന വർഷത്തെ കേരള എൻജിനീയറിങ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള (കീം-2026) പ്രവേശനത്തിന് സമർപ്പിച്ച അപേക്ഷയിലെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസാന തീയതി മേയ് 17 വൈകിട്ട് 6 മണി വരെയായി ദീർഘിപ്പിച്ചു. വിശദവിവരങ്ങൾക്ക് www.cee.kerala.gov.in ൽ ഏപ്രിൽ 27ന് പ്രസിദ്ധീകരിച്ച വിജ്ഞാപനം കാണുക. ഫോൺ: 0471-2332120.

# കൊട്ടാരക്കര പട്ടണത്തിൽ സർക്കാർ ഭൂമിയിലെ അവകാശ തർക്കം തീരുന്നില്ല

കൊട്ടാരക്കര: കൊട്ടാരക്കര കച്ചേരിമുക്കിലെ മിനി സിവിൽ സ്റ്റേഷന് എതിർവശത്തായി മുൻപ് എക്സൈസ് റേഞ്ച് ഓഫീസ് പ്രവർത്തിച്ചിരുന്ന ഭൂമിയുടെ പേരിൽ വർഷങ്ങളായുള്ള അവകാശത്തർക്കം തുടരുന്നു. തർക്കത്തെ തുടർന്നാണ് നഗരസഭ രാമനാട്ടം പാർക്ക് സ്ഥാപിക്കാൻ നടത്തിയ നീക്കങ്ങളെ തടഞ്ഞത്.

മിനി സിവിൽ സ്റ്റേഷന് എതിർവശത്തായി മുൻപ് എക്സൈസ് റെയ്ഞ്ച് ഓഫീസ് പ്രവർത്തിച്ചിരുന്ന ഭൂമിയുടെ പേരിലാണ് വർഷങ്ങളായി അവകാശത്തർക്കം തുടരുന്നത്.

എക്സൈസ് റെയ്ഞ്ച് ഓഫീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് എക്സൈസ് കോംപ്ലക്സ് നിർമിക്കാനാണ് സർക്കാർ ആദ്യം തീരുമാനിച്ചത്. 2009-10 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ എക്സൈസ് കോംപ്ലക്സിനായി 2.09 കോടി അനുവദിക്കുകയും ചെയ്തു. അതിൻറെ അടിസ്ഥാനത്തിൽ 2010 ൽ പഴയകെട്ടിടം പൊളിച്ചുനീക്കിയതോടെയാണ് തർക്കങ്ങൾ ആരംഭിച്ചത്.

എക്സൈസ് ഓഫീസ് പ്രവർത്തിച്ചിരുന്ന ഭൂമിയാണെങ്കിലും അത് കൊട്ടാരക്കര ഗണപതി ക്ഷേത്രത്തിൻറെ വകയാണെന്ന് ഒരു വിഭാഗം വാദിച്ചു. കേരള ക്ഷേത്രസംരക്ഷണ സമിതിയും ഹിന്ദുസംഘടനകളും പ്രതിഷേധവുമായി രംഗത്ത് എത്തുകയും കോടതിയെ സമീപിക്കുകയും ചെയ്തു. കേസിൽ സർക്കാരിന് അനുകൂലമായ വിധി വന്നു. എന്നാൽ പ്രതിഷേധങ്ങളെ തുടർന്ന് നിർമാണം തുടങ്ങാനായില്ല.

റീ സർവേ പ്രകാരം ഭൂമി പുറമ്പോക്കാണെന്ന് രേഖയുണ്ടായി. ഇതോടെ തഹസീൽദാരുടെ നിയന്ത്രണത്തിലായ ഭൂമി പാർക്കിംഗ് ഏരിയയായി മാറുകയും ചെയ്തു. കഥകളിയുടെ ആദ്യ രൂപമായ രാമനാട്ടം രൂപപ്പെട്ടത് കൊട്ടാരക്കര ഗണപതി ക്ഷേത്രത്തിൽ നിന്നാണ്. അതിനാൽ രാമനാട്ട പാർക്ക് എന്ന പേരിൽ ഈ ഭൂമിയിൽ പാർക്ക് സ്ഥാപിക്കാൻ നഗരസഭ തീരുമാനമെടുത്തു.

പാർക്കും സാംസ്കാരിക നിലയവും സ്ഥാപിക്കാനുള്ള നഗരസഭയുടെ തീരുമാനത്തിന് അനുകൂലമായി റവന്യൂ വകുപ്പ് സെക്രട്ടറി അനുമതി നൽകി ഉത്തരവിറക്കി. എന്നാൽ ഭൂമി ഗണപതി ക്ഷേത്രത്തിൻറെ ഉടമസ്ഥതയിലുള്ളതാണെന്നും റീസർവേ രേഖകൾ കൃത്രിമമാണെന്നും കാട്ടി ഹിന്ദു ഐക്യവേദിയും മറ്റ് ഹൈന്ദവ സംഘടനകളും ഹൈക്കോടതിയെ സമീപിച്ചു. ഇതോടെ നിർമാണ പ്രവർത്തനങ്ങൾ കോടതി സ്റ്റേ ചെയ്തു.

ക്ഷേത്ര ഉത്സവവുമായി ബന്ധപ്പെട്ട് ഇവിടെ പാർക്കിംഗിനായി ഉപയോഗിച്ചു. ഹൈന്ദവ സംഘടനയുടെ ഷെഡും ബോർഡും ഇപ്പോഴും ഇവിടെയുണ്ട്. ഗണപതി ക്ഷേത്രത്തിൻറെ കുളത്തോട് ചേരുന്ന ഭാഗത്ത് കെട്ടിടങ്ങൾ സ്ഥാപിച്ചാൽ ക്ഷേത്രത്തെ മറയ്ക്കുമെന്നാണ് വിശ്വാസികളുടെ പക്ഷം.

വിശ്വാസികൾക്കും പൊതുസമൂഹത്തിനും ഉപകാരപ്രദമാകുന്ന നിർമാണ പ്രവർത്തനങ്ങൾ വേണമെന്നാണ് മറുപക്ഷം ആവശ്യം ഉന്നയിക്കുന്നത്.

# ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

ആറ്റിങ്ങൽ ഗവ ഐ.ടി.ഐ-യിൽ ഷീറ്റ് മെറ്റൽ വർക്കർ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഹിന്ദു-നാടാർ വിഭാഗത്തിനായുള്ള ഒരു ഒഴിവിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം മെയ് 13ന് നടക്കും. ബന്ധപ്പെട്ട വിഷയങ്ങളിൽ എൻജിനീയറിങ് ഡിഗ്രി / ഡിപ്ലോമ / ട്രേഡിലെ എൻ.ടി.സിയും മൂന്നു വർഷത്തെ പ്രവർത്തിപരിചയവും / എൻ.എ.സിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവർക്ക് പങ്കെടുക്കാം.യോഗ്യത, ഐഡന്റിറ്റി തെളിയിയ്ക്കുന്ന അസ്സൽ രേഖകളുമായി രാവിലെ 10.30 ന് ഐ.ടി.ഐ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0470 2622391.

# കരാർ നിയമനം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പ്ലാസ്റ്റിക് സർജറി വിഭാഗത്തിനു കീഴിലെ ചജജഞആക പ്രോജക്ടിൽ അനസ്തെഷ്യോളജിസ്റ്റ് തസ്തികയിലേക്കുള്ള ഒരു ഒഴിവിൽ കരാർ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു. അനസ്തേഷ്യോളജിയിൽ എംഡി / ഡിഎൻബിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. യോഗ്യതയുള്ളവർ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, മേൽ വിലാസം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മെയ് 18 ഉച്ചയ്ക്ക് 2 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2528855, 2528055, principalgmct@gmail.com, principalmct@gmail.com.

# പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തിരുവന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോപ്പതി) 2026 കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് ഠഠഠ.ഹയരെലിമ്യേല.സല്യമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. നിശ്ചിത തീയതിക്കകം ആധികാരിക രേഖകൾ എൽ.ബി.എസ്സ് ഡയറക്ടർക്ക് സമർപ്പിച്ചവരെ ഉൾപ്പെടുത്തിയാണ് പട്ടിക തയ്യാറാക്കിയിരിക്കുന്നത്. റാങ്ക്ലിസ്റ്റ് സംബന്ധിച്ച പരാതികൾ മേയ് 13 വൈകിട്ട് 5 ന് മുൻപായി ഹയട്ടോ@ഴാമശഹ.രീാ വഴി സമർപ്പിക്കണം. പരാതി പരിഹരിച്ചുകൊണ്ടുള്ള അന്തിമ റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ വീണ്ടും പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364.

# 2,800 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 2,800 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം മേയ് 12ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/156/2026ഫിൻ. തീയതി 08.05.2026, നമ്പർ: എസ്.എസ്-1/157/2026ഫിൻ. തീയതി 08.05.2026, നമ്പർ: എസ്.എസ്-1/158/2026ഫിൻ. തീയതി 08.05.2026) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

# മുഖ്യമന്ത്രിയെ ചൊല്ലി കോൺഗ്രസിൽ അനിശ്ചിതത്വം; ട്രോളുമായി രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: കേരളത്തിൻറെ മുഖ്യമന്ത്രിയെ തീരുമാനിക്കുന്ന കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡ് ഏഴാം ദിവസവും തീരുമാനം വൈകിപ്പിക്കുന്നതിനിടെ പരിഹാസവുമായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. കെ. സി. വേണുഗോപാലിൻറെ മുഖ്യമന്ത്രി സ്ഥാനവുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന ഒരു ട്രോൾ പങ്കുവെച്ചുകൊണ്ടാണ് അദ്ദേഹം കോൺഗ്രസിനെ കടന്നാക്രമിച്ചത്. കെ. സി. വേണുഗോപാൽ കേരളത്തിലേക്ക് വരണോ വേണ്ടയോ എന്ന കാര്യത്തിൽ ബിജെപിയിലെ കേരള ഘടകവും ദേശീയ നേതൃത്വവും തമ്മിൽ 'രസകരമായ വടംവലി' നടക്കുന്നു എന്ന കുറിപ്പാണ് അദ്ദേഹം പങ്കുവെച്ചത്. 'കെ. സി. വേണുഗോപാൽ കേരളത്തിൽ വേണമെന്ന് ബിജെപി കേരളഘടകവും, അദ്ദേഹം ഡൽഹിയിൽ തന്നെ തുടരണമെന്ന് ദേശീയ നേതൃത്വവും ആവശ്യപ്പെടുന്നു' എന്ന ആദിത്യ ജാക്കി എന്നയാളുടെ ട്വീറ്റാണ് അദ്ദേഹം ഷെയർ ചെയ്തത്.

'ഇത് സത്യമാണെന്നും അല്ലായെന്നും തൽക്കാലം സ്ഥിരീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല - ഇതാണ് ഈ വിഷയത്തിൽ എൻറെ പ്രതികരണം' - രാജീവ് ചന്ദ്രശേഖർ ഫെയ്സ്ബുക്കിൽ കുറിച്ചു. തെരഞ്ഞെടുപ്പ് ഫലം വന്ന് ഒരാഴ്ച പിന്നിട്ടിട്ടും മുഖ്യമന്ത്രിയുടെ കാര്യത്തിൽ വ്യക്തത വരുത്താൻ കോൺഗ്രസിനായിട്ടില്ല. രാഹുൽ ഗാന്ധി തമിഴ്നാട് മുഖ്യമന്ത്രി വിജയ്യുടെ സത്യപ്രതിജ്ഞാ ചടങ്ങിനായി ചെന്നൈയിലേക്കും, മല്ലികാർജുൻ ഖാർഗെ ബെംഗളൂരുവിലേക്കും പോയതോടെ ചർച്ചകൾ വീണ്ടും വഴിമുട്ടി.

കെ. സി. വേണുഗോപാൽ, വി. ഡി. സതീശൻ, രമേശ് ചെന്നിത്തല എന്നിവർക്കായി മൂന്ന് ഗ്രൂപ്പുകളും ശക്തമായി രംഗത്തുണ്ട്. ഇവർ മൂന്ന് പേർക്കും ഒരുപോലെ സ്വീകാര്യമായ ഒരു 'അനുനയ ഫോർമുല' കണ്ടെത്താൻ ഹൈക്കമാൻഡിന് ഇതുവരെ സാധിച്ചിട്ടില്ല.

ഖാർഗെ ഇന്ന് വൈകിട്ടോ നാളെ രാവിലെയോ ഡൽഹിയിൽ തിരിച്ചെത്തിയ ശേഷം മാത്രമേ ചർച്ചകൾ പുനരാരംഭിക്കൂ. രാഹുലും ഖാർഗെയും സോണിയ ഗാന്ധിയുമായി ചർച്ച നടത്തിയ ശേഷമേ അന്തിമ പ്രഖ്യാപനം ഉണ്ടാകൂ. ഘടകകക്ഷികളുമായി ഇനി ചർച്ചകൾ ഉണ്ടാവില്ലെന്നാണ് സൂചന.

# ദേശീയപാത കൈയേറിയതായി പരാതി

എഴുകോൺ: കോയിക്കൽ ധർമശാസ്താ ക്ഷേത്രത്തിന് മുൻഭാഗത്ത് സ്വകാര്യവ്യക്തി ദേശീയപാത കൈയേറി വേലി കെട്ടിയതായി പരാതി. ദേശീയപാതയോരത്തു നിന്ന് ഒരടിപോലും വ്യത്യാസമില്ലാതെയാണ് കോൺക്രീറ്റ് തൂൺ സ്ഥാപിച്ച് ഇരുമ്പുവല ഉപയോഗിച്ച് വേലികെട്ടി തിരിച്ചിരിക്കുന്നത്. ദേശീയപാതയോരത്തേക്ക് ചേർന്നുനിൽക്കുന്ന തൂണുകൾ വളവ് തിരിഞ്ഞുവരുന്ന വാഹനങ്ങൾക്ക് കാണാൻ കഴിയാത്ത വിധമാണ് സ്ഥാപിച്ചിരിക്കുന്നത്. കാൽനടയാത്രക്കാർക്ക് ദേശീയപാതയിലേക്ക് കയറി മാത്രമേ നടന്നുപോകാനാകൂ. ഇറക്കവും വളവുമുള്ള ഭാഗമായതിനാൽ ഇത് വലിയ അപകടങ്ങൾ ഉണ്ടാക്കും. ഇതിനെതിരേ ബിജെപി എഴുകോൺ പഞ്ചായത്ത് സമിതി എഴുകോൺ പഞ്ചായത്ത് സെക്രട്ടറിക്കും ദേശീയപാത അഥോറിറ്റിക്കും പരാതി നൽകി. കമ്പിവേലി നീക്കം ചെയ്ത് അപകടസാധ്യത ഒഴിവാക്കണമെന്ന് ബിജെപി ആവശ്യപ്പെട്ടു. സ്ഥലം പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് ദേശീയപാത അഥോറിറ്റി അറിയിച്ചു. ദേശീയപാതയ്ക്കായി പലതവണ വസ്തു ഹൈവേ അഥോറിറ്റി ഭൂമി എടുത്തെന്നും അതുസംബന്ധിച്ച് കോടതിയിൽ നടക്കുന്നതായും ഉടമ പറഞ്ഞു.

# വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള വനിതാ കമ്മീഷനിൽ നിലവിൽ ഒഴിവുള്ള ഒരു അസിസ്റ്റന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ സർവ്വീസിൽ സമാന തസ്തികയിൽ (39,30083,000) ശമ്പള സ്കെയിലിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ നിരാക്ഷേപപത്രം സഹിതം മേലധികാരി മുഖേന മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, ലൂർദ്ദ് പള്ളിക്കുസമീപം, പി.എം.ജി, പട്ടം പി.ഒ, തിരുവനന്തപുരം - 695004 എന്ന വിലാസത്തിൽ മേയ് 25-നകം ലഭിക്കണം.

# എൻ.ആർ.ഐ സീറ്റുകളിലേക്കുള്ള പ്രവേശനം

കേരള സർക്കാർ ഗതാഗത വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ശ്രീ ചിത്തിര തിരുനാൾ എൻജിനീയറിങ് 2026-27 അധ്യയന വർഷത്തിൽ എൻ.ആർ.ഐ സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ www.sctce.ac.in ൽ മേയ് 11 മുതൽ 30 വരെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക്: www.sctce.ac.in, 0471 - 2490572/ 2490772/ 9495565772.

# ഗസ്റ്റ് അധ്യാപക നിയമനം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ 2026-27 അധ്യയന വർഷത്തേക്ക് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ അതിഥി അധ്യാപകരെ താത്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം മേയ് 15 രാവിലെ 11ന് പ്രിൻസിപ്പലിന്റെ റൂമിൽ നടത്തും.

യൂ.ജി.സി. നിഷ്കർഷിച്ച യോഗ്യതയുള്ളവരും കോളജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അതിഥി അധ്യാപകരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യാഗാർഥികൾ, ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, മുൻപരിചയം, തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പുകൾ സഹിതം രാവിലെ 11ന് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം.

# ന്യൂനമർദവും ചക്രവാതച്ചുഴിയും; സംസ്ഥാനത്ത് വേനൽമഴ ശക്തമാകുന്നു, യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് വേനൽമഴ ശക്തമാകുന്നു. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നു മുതൽ ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും; വ്യാഴം, വെള്ളി ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. വ്യാഴാഴ്ച മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും വെള്ളിയാഴ്ച മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

വരുംമണിക്കൂറിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

വടക്കൻ ശ്രീലങ്കൻ തീരത്തിന് സമീപം തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടു. അടുത്ത 48 മണിക്കൂറിനുള്ളിൽ ഇത് കൂടുതൽ ശക്തിപ്പെടാൻ സാധ്യതയുണ്ട്. തെക്കുകിഴക്കൻ അറബിക്കടലിനും കേരള തീരത്തോടു ചേർന്നുള്ള ലക്ഷദ്വീപിനും മുകളിലായി ഒരു ചക്രവാതച്ചുഴി നിലനിൽക്കുന്നു. തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ കേന്ദ്രം മുതൽ തെക്കൻ തമിഴ്നാട് വഴി തെക്കൻ ലക്ഷദ്വീപ് വരെ സമുദ്രനിരപ്പിൽ നിന്ന് 1.5 മുതൽ 4.5 കിലോമീറ്റർ വരെ ഉയരത്തിൽ ന്യൂനമർദപാത്തി നിലനിൽക്കുന്നു.

തെക്കുകിഴക്കൻ അറബിക്കടലിലെ ചക്രവാതച്ചുഴി മുതൽ തീരദേശ കർണാടക വഴി മഹാരാഷ്ട്രയിലെ മറാത്ത്വാഡ വരെ സമുദ്രനിരപ്പിൽ നിന്ന് 0. 9 കിലോമീറ്റർ ഉയരത്തിൽ മറ്റൊരു ന്യൂനമർദപാത്തിയും നിലനിൽക്കുന്നുണ്ട്. ഇവയുടെ സ്വാധീനഫലമായാണ് സംസ്ഥാനത്തും മഴ ശക്തമാകുന്നത്. അതേസമയം, കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# അവയവദാനത്തിനായി വ്യാജ രേഖ: അന്വേഷണത്തിന് പ്രത്യേക സംഘത്തെ രൂപീകരിച്ചു

കൊച്ചി: അയവദാനത്തിനായി വ്യാജ രേഖ ചമച്ച കേസിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചു. കൊച്ചി ഡിസിപി ഷാഹിൻ ഷായുടെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുക. പിടിയിലായ മുഖ്യപ്രതി നജീബിനെ കേന്ദ്രീകരിച്ചാണ് അന്വേഷണം നടക്കുന്നത്. ഇന്നലെ ആറു മണിക്കൂറോളം നജീബിനെ കുന്നത്തുനാട് പോലീസ് ചോദ്യം ചെയ്തിരുന്നു.

കേസിൽ തമിഴ്നാട്ടിലും ഇരകളുണ്ടെന്ന് പൊലീസിന് വിവരം ലഭിച്ചിരുന്നു. തമിഴ്നാട്ടിൽ നജീബ് അവയവദാതാക്കളെ കണ്ടെത്തിയിട്ടുണ്ട്. രാജ്യത്തിന് പുറത്ത് അവയവദാനത്തിനായി ആരെയും കൊണ്ടുപോയിട്ടില്ല എന്നാണ് നജീബിൻറെ മൊഴി. നജീബിനെ കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്യാൻ ഒരുങ്ങുകയാണ് നിലവിൽ പോലീസ്.

അന്വേഷണം എകോപിപ്പിക്കാൻ അന്വേഷണത്തിന് സംസ്ഥാനതലത്തിൽ ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന കോ-ഓർഡിനേഷൻ ടീം ഉണ്ടാകും. കൊച്ചി സിറ്റി പോലീസ് പരിധിയിലാണ് അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചിരിക്കുന്നത്.

ആശുപത്രികളിൽ നടന്ന ശസ്ത്രക്രിയകൾ നിയമാനുസൃതമാണോ എന്നുള്ള പരിശോധനയും നടത്തും. കൂടുതൽ ആളുകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നും അന്വേഷിക്കുമെന്നും കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ് കുമാർ മാധ്യമങ്ങളോട് പ്രതികരിച്ചു.

# കാർ കൊക്കയിലേക്ക് മറിഞ്ഞ് ആറ് മരണം

ഷിംല: ഹിമാചൽ പ്രദേശിലെ ചമ്പയിൽ കാർ കൊക്കയിലേക്ക് മറിഞ്ഞ് ആറ് പേർ മരിച്ചു, നാല് പേർക്ക് പരിക്കേറ്റു. തിങ്കളാഴ്ച പുലർച്ചെ കകിരയിലായിരുന്നു അപകടം. ഗുജറാത്തിൽ നിന്നുള്ള വിനോദസഞ്ചാരികളായിരുന്നു വാഹനത്തിലുണ്ടായിരുന്നത്. മണാലിയിൽ നിന്ന് ഡൽഹൗസിയിലേക്ക് 10 പേരുമായി പോവുകയായിരുന്ന കാറാണ് അപകടത്തിൽപ്പെട്ടത്. ഗുജറാത്ത് സ്വദേശികളായ ലളിത് ഭായ് ഫട്നാനി, ഭാര്യ മംമ്ത, പ്രിയങ്ക് കനയ്യ ലാൽ, ഭാര്യ കാജൽ, മകൻ ദിയാൻഷ്, മണ്ടിയിലെ ജോഗീന്ദർ നഗർ താമസിക്കുന്ന ഡ്രൈവർ ജസ്വന്ത് എന്നിവരാണ് മരിച്ചത്. നിയന്ത്രണം തെറ്റിയ കാർ കൊക്കയിലേക്ക് വീഴുകയായിരുന്നു. വാഹനത്തിൻറെ നിയന്ത്രണം നഷ്ടപ്പെട്ടതാണ് അപകടകാരണമെന്ന് പരിക്കേറ്റവർ പറഞ്ഞു. സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ട്.

# ഒരാവേശത്തിന് 'ഐഎസ് സ്വർഗം' തേടി പോയ സ്ത്രീകളെ കാത്തിരുന്നത്. . .

സിറിയയിൽ ഇസ്ലാമിക് സ്റ്റേറ്റ് (ഐഎസ്) ക്യാമ്പുകളിൽ ഏഴ് വർഷത്തിലേറെ കുടുങ്ങിക്കഴിഞ്ഞ ഓസ്ട്രേലിയൻ വനിതകളും കുട്ടികളും 2026 മേയ് ഏഴിന് നാട്ടിലേക്കു മടങ്ങിയെത്തിയത് വലിയ പ്രതിസന്ധികളുടെ മധ്യത്തിലേക്ക്. അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെ, ഭാവിയെക്കുറിച്ച് ഒരു ഉറപ്പുമില്ലാതെ, നരകതുല്യമായ ജീവിതത്തിനു ശേഷം ഒടുവിൽ അവർ ഡമാസ്കസ് വഴി ഓസ്ട്രേലിയൻ മണ്ണിൽ വീണ്ടും കാലുകുത്തി.

നാലു സ്ത്രീകളും ഒമ്പത് കുട്ടികളും ഉൾപ്പെടുന്ന ഈ സംഘം മെൽബണിലും സിഡ്നിയിലും വ്യത്യസ്ത വിമാനത്താവളങ്ങളിൽ ഇറങ്ങി, എന്നാൽ അവരെ കാത്തിരുന്നത് ആശ്വാസത്തിൻറെ കൈകളായിരുന്നില്ല; പകരം നിയമത്തിൻറെ വളകളായിരുന്നു.

2011ൽ ആരംഭിച്ച സിറിയൻ ആഭ്യന്തരയുദ്ധം ലോകചരിത്രത്തിലെ ഏറ്റവും രക്തരൂഷിതമായ സംഘർഷങ്ങളിലൊന്നാണ്. ബഷർ അൽ അസദ് സർക്കാരിനെതിരായ പ്രക്ഷോഭം ക്രമേണ ഒരു ബഹുമുഖ യുദ്ധമായി പരിണമിച്ചു. ഒരുഭാഗത്ത് ഭരണകൂടം, മറുഭാഗത്തു വിവിധ തീവ്രവാദ ഗ്രൂപ്പുകൾ. ഈ അരാജകത്വത്തിൻറെ നടുവിൽനിന്നാണ് ഇസ്ലാമിക് സ്റ്റേറ്റ് (ഐഎസ്) എന്ന ഭീകര സംഘടന ശക്തിപ്പെട്ടത്.

2014ൽ ഐഎസ് 'ഖിലാഫത്ത്' പ്രഖ്യാപിച്ചതോടെ ഓസ്ട്രേലിയ, യൂറോപ്പ്, മിഡിൽ ഈസ്റ്റ് എന്നിങ്ങനെ എല്ലായിടത്തുനിന്നും ആളുകൾ സിറിയയിലേക്ക് ഒഴുകിത്തുടങ്ങി. ചിലർ ഭർത്താക്കന്മാരുടെ പിന്നാലെയും; ചിലർ 'ഇസ്ലാമിക് യൂട്ടോപ്പിയ' എന്ന മിഥ്യാസ്വപ്നം തേടി സ്വന്തം നിലയ്ക്കും യാത്ര തിരിച്ചു. ഓൺലൈൻ പ്രചാരണങ്ങളും സോഷ്യൽ മീഡിയയും ഈ ആകർഷണത്തിൽ നിർണായക പങ്ക് വഹിച്ചു. ഇസ്ലാമിക ഭരണത്തിൻറെ സുന്ദരസ്വപ്നങ്ങൾ നെയ്ത് പറന്നെത്തിയവരെല്ലാം വൻ ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും നടുവിലേക്കാണ് ചിറകറ്റു വീണത്.

എന്നാൽ, ആ സ്വപ്നങ്ങളെല്ലാം വേഗം തകർന്നടിഞ്ഞു. 2019ഓടെ യുഎസ് നേതൃത്വത്തിലുള്ള സഖ്യസേനയുടെ തുടർച്ചയായ ആക്രമണങ്ങളിൽ ഐഎസിൻറെ അവസാന കോട്ടകളും നിലംപൊത്തി. പുരുഷൻമാരിലേറെയും യുദ്ധഭൂമിയിൽ കൊല്ലപ്പെട്ടു; ബാക്കിയുള്ളവർ അറസ്റ്റിലായി. നിരവധി സ്ത്രീകൾക്ക് ഭർത്താക്കൻമാരെയും ബന്ധുക്കളെയും നഷ്ടമായി. യുദ്ധഭൂമിയിൽ നിസഹായരായി അവർ നരകിച്ചു. ഒരു അഭയത്തിനായി അവർ ചുറ്റും അലഞ്ഞു. എന്നാൽ, യുദ്ധക്കെടുതിയിൽ തകർന്നഞ്ഞ മണ്ണിൽ അവർക്ക് എവിടെനിന്നും ഒരാശ്വാസം ലഭിച്ചില്ല. ഒടുവിൽ ഗതികെട്ട സ്ത്രീകൾ കുട്ടികളുമായി ഉത്തരകിഴക്കൻ സിറിയയിൽ കുർദ് നേതൃത്വത്തിലുള്ള 'സിറിയൻ ഡെമോക്രാറ്റിക് ഫോഴ്സസ്' (ടഉഎ) നടത്തുന്ന ക്യാമ്പുകളിൽ അഭയം തേടി, പ്രത്യേകിച്ച് വടക്കുകിഴക്കൻ സിറിയയിലെ 'അൽ-റോജ്' ക്യാമ്പിൽ. എന്നാൽ, ക്യാമ്പ് ജീവിതം ഒരു ശിക്ഷ തന്നെയായിരുന്നു.

ഭക്ഷണത്തിൻറെയും ശുദ്ധജലത്തിൻറെയും മരുന്നിൻറെയും രൂക്ഷമായ ദൗർലഭ്യം, കടുത്ത ചൂടിലും തണുപ്പിലും കഴിയേണ്ടി വന്ന കുട്ടികൾ, ഒരു നിയമ പദവിയുമില്ലാതെ, ഒരു കോടതിയുടെ വിചാരണ പോലുമില്ലാതെ വർഷങ്ങൾ നീണ്ട തടങ്കൽ. ഔാമി ഞശഴവേ ണമരേവ ഉൾപ്പെടെ നിരവധി മനുഷ്യാവകാശ സംഘടനകൾ ഈ ക്യാമ്പ് സാഹചര്യങ്ങൾ ലോകത്തെ അറിയിച്ച് അന്താരാഷ്ട്ര സമൂഹത്തോട് ഇടപെടാൻ ആവശ്യപ്പെട്ടിരുന്നു. പക്ഷേ വർഷങ്ങൾ കടന്നുപോയിട്ടും; യാതൊരു മാറ്റവും ഉണ്ടായില്ല.

തിരിച്ചു ജന്മനാട്ടിലേക്കു മടങ്ങണമെന്ന ചിന്ത പലരിലും ശക്തമായി. എന്നാൽ, പലരുടെയും ജന്മനാടുകളെ അവരെ സ്വീകരിക്കാൻ സന്നദ്ധരായിരുന്നില്ല. ഭീകര സംഘടനകളിൽ ആകൃഷ്ടരായി രാജ്യം ഉപേക്ഷിച്ചു പോയവരെ തിരികെ സ്വീകരിക്കുന്നതിൽ ജനരോഷവും ശക്തമായിരുന്നു.

ഓസ്ട്രേലിയൻ ഭരണകൂടം വർഷങ്ങളോളം ഈ സ്ത്രീകളെ നാട്ടിലേക്കു കൊണ്ടുവരാൻ വിസമ്മതിച്ചിരുന്നു. "അവർ തെരഞ്ഞെടുത്ത വഴി അവർതന്നെ നേരിടണം" എന്നായിരുന്നു സർക്കാരിൻറെ അനൗദ്യോഗിക നിലപാട്.

2019ലും 2022ലും 2025ലും ചെറിയ ഗ്രൂപ്പുകൾ ഓസ്ട്രേലിയയിലേക്കു മടങ്ങിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം പേരും ക്യാമ്പുകളിൽ കുടുങ്ങിക്കിടന്നു. 2025 ഏപ്രിലിൽ ഓസ്ട്രേലിയൻ ഉദ്യോഗസ്ഥർ "സ്വതന്ത്രരായി തിരിച്ചുവരുന്ന ആർക്കും ക്രിമിനൽ കേസ് ഉറപ്പാണ്" എന്നു പരസ്യമായി മുന്നറിയിപ്പ് നൽകി

എന്നിട്ടും അവർ മടങ്ങിയെത്തി. സർക്കാരിൻറെ സഹായമോ അനുവാദമോ കാക്കാതെ, ഈ സ്ത്രീകൾ സ്വന്തം ഉദ്യമത്തിൽ അൽ-റോജ് ക്യാമ്പ് വിട്ട് ഡമാസ്കസിലേക്കു യാത്ര ചെയ്തു. അവിടെനിന്നു ഫ്ലൈറ്റ് ക്രമീകരിച്ച് ഓസ്ട്രേലിയൻ മണ്ണിലേക്ക് അവർ കാലുകുത്തി.

വിമാനം ലാൻഡ് ചെയ്യും മുൻപേ ഓസ്ട്രേലിയൻ ഫെഡറൽ പോലീസ് സജ്ജമായിരുന്നു. ഗ്രൂപ്പിലെ ചിലരെ നേരിട്ട് അറസ്റ്റ് ചെയ്യുമെന്നും ബാക്കിയുള്ളവർ സജീവ അന്വേഷണത്തിൻറെ നിഴലിൽ തുടരുമെന്നും കമ്മിഷണർ ക്രിസ്സി ബാരറ്റ് അപ്പോൾ തന്നെ മാധ്യമങ്ങളോടു പറഞ്ഞിരുന്നു. നാല് സ്ത്രീകളിൽ മൂന്നു പേരെ വിമാനത്താവളത്തിൽ വച്ചു തന്നെ കസ്റ്റഡിയിലെടുത്തു. ഭീകരതയുമായും അടിമത്തവുമായും ബന്ധപ്പെട്ട കുറ്റങ്ങൾക്കു കേസ് ചുമത്തുകയും ചെയ്തു. നാലാമത്തെ സ്ത്രീയെ ഉടൻ ചോദ്യം ചെയ്യലിനും വിധേയമാക്കി.

**കേസ് 1: യസീദി സ്ത്രീയെ അടിമയാക്കി**

വിക്ടോറിയ സ്വദേശിനികളായ 54കാരി കൗഥർ അഹമദും അവരുടെ 31കാരി മകൾ സൈനബ് അഹമദും 2014ൽ സിറിയയിലെത്തി. ഐഎസ് ഭരണകാലത്ത് ഏറ്റവും ക്രൂരമായ ആക്രമണങ്ങൾക്ക് ഇരയായ യസീദി ന്യൂനപക്ഷ വിഭാഗത്തിൽനിന്ന് ഒരു സ്ത്രീയെ 10, 000 ഡോളർ നൽകി വാങ്ങി തങ്ങളുടെ വീട്ടിൽ അടിമയായി പാർപ്പിച്ചു എന്നാണ് ആരോപിച്ചിരിക്കുന്ന കുറ്റം. അടിമയാക്കൽ, അടിമയെ കൈവശം വയ്ക്കൽ, അടിമയെ ഉപയോഗിക്കൽ എന്നിങ്ങനെ ഓരോ കുറ്റത്തിനും പരമാവധി 25 വർഷം തടവ് ലഭിക്കാം. രണ്ടു പേരും മെൽബൺ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരായി. ഇപ്പോൾ കസ്റ്റഡിയിലാണ്.

**കേസ് 2: ഐഎസ് അംഗത്വാരോപണം**

എന്നാൽ, സിഡ്നിയിൽ ഇറങ്ങിയ 32കാരി ജനൈ സഫറിന്റെ കഥ വ്യത്യസ്തമാണ്. 2015ൽ ഭർത്താവിൻറെ അടുത്തെത്താൻ സിറിയയിലേക്കു പോയ അവർ ഐഎസിൽ അംഗമായെന്നാണ് ആരോപണം.

10 വർഷം വരെ ജയിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റം. കോടതിയിൽ അവരുടെ അഭിഭാഷകൻ വാദിച്ചത്, സിറിയയിലെ ഭീകര സാഹചര്യങ്ങൾ അവരെ മാനസികമായി തകർത്തിരിക്കുന്നുവെന്നും ജഠടഉ (പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോർഡർ) ബാധിച്ചിട്ടുണ്ടെന്നുമാണ്. എന്നിട്ടും ജഡ്ജി ജാമ്യം നിരസിച്ചു. ജൂലൈ വരെ കസ്റ്റഡിയിൽ തുടരും.

ഐഎസുമായി ബന്ധമുള്ള ആരെങ്കിലും തിരിച്ചു വരുന്നവർ "നിയമത്തിൻറെ പൂർണ ശക്തി അനുഭവിക്കേണ്ടി വരും" എന്നാണ് ഓസ്ട്രേലിയൻ സർക്കാർ വർഷങ്ങളായി ആവർത്തിച്ചു പറഞ്ഞു കൊണ്ടിരിക്കുന്ന നിലപാട്.

എന്നാൽ ഇപ്പോഴും ഏഴ് ഓസ്ട്രേലിയൻ സ്ത്രീകളും 14 കുട്ടികളും ഉൾപ്പെടെ ഏകദേശം 21 പേർ വടക്കുകിഴക്കൻ സിറിയയിലെ അൽ-റോജ് ക്യാമ്പിൽ കഴിയുകയാണ്. ഇപ്പോൾ മടങ്ങിയവർ നേരിടുന്ന കേസുകളുടെ ഗതി, ക്യാമ്പിൽ ബാക്കിയുള്ളവരുടെ തീരുമാനത്തെ നേരിട്ട് സ്വാധീനിക്കും. കടുത്ത ശിക്ഷ വന്നാൽ മടങ്ങാൻ ആരും തയാറാകില്ല.

അവരുടെ ക്യാമ്പ് ജീവിതം ഇനിയും നീളാനാണ് സാധ്യത. ഓസ്ട്രേലിയ ഇന്നു കൈക്കൊള്ളുന്ന തീരുമാനം, ആ 21 പേരുടെ ഭാവി കൂടി നിർണയിക്കുന്നതാണ്. ഈ കേസ് വെറുമൊരു ക്രിമിനൽ വിചാരണ മാത്രമല്ല, ഒരു രാജ്യംതന്നെ അഭിമുഖീകരിക്കുന്ന സങ്കീർണമായ ധാർമിക പ്രശ്നമായി മാറിയിരിക്കുന്നു.

## ഡൽഹിയിൽ 15 വയസുകാരനെ കുത്തിക്കൊന്നു

ന്യൂഡൽഹി: ഡൽഹിയിലെ ഉസ്മാൻപൂരിൽ 15 വയസുകാരനെ കുത്തിക്കൊന്നു. സംഭവവുമായി ബന്ധപ്പെട്ട് പ്രായപൂർത്തിയാകാത്ത പ്രധാന പ്രതിയെ പോലീസ് കസ്റ്റഡിയിലെടുത്തു.

കൊല്ലപ്പെട്ട 15 വയസുകാരൻ പത്താം ക്ലാസ് വിദ്യാർഥിയാണ്. കുട്ടിയുടെ സഹോദരനും മറ്റൊരു യുവാവും തമ്മിൽ തർക്കമുണ്ടയായിരുന്നു. ഈ പ്രശ്നം പരിഹരിക്കാൻ ഇടപെട്ടതാണ് വിദ്യാർഥി. തർക്കം പിന്നീട് രൂക്ഷമാവുകയും കൊലപാതകത്തിൽ കലാശിക്കുകയുമായിരുന്നുവെന്നാണ് പോലീസിൻറെ നിഗമനം.

സംഭവവുമായി ബന്ധപ്പെട്ട് 17 വയസുകാരനെ പോലീസ് കസ്റ്റഡിയിലെടുത്തു. കുറ്റകൃത്യത്തിന് ഉപയോഗിച്ച കത്തി പോലീസ് കണ്ടെടുത്തു. സംഭവത്തിൽ കൂടുതൽ പേർക്ക് പങ്കുണ്ടോ എന്ന് പോലീസ് അന്വേഷിച്ചു വരികയാണെന്നും പ്രതിയെ ചോദ്യം ചെയ്തു വരികയാണെന്നും പോലീസ് പറഞ്ഞു.

## ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന രോഗിയെ വെടിവച്ചു കൊന്നു

ലക്നോ: ഉത്തർപ്രദേശിലെ ചന്ദൗലിയിൽ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന രോഗിയെ വെടിവച്ചു കൊന്നു. ബിഹാർ സ്വദേശിനി ലക്ഷ്മിന ദേവി (55) ആണ് കൊല്ലപ്പെട്ടത്. അമൃത്സർ സ്വദേശി ഗുർപ്രീത് പിടിയിലായി. തിങ്കളാഴ്ച പുലർച്ചെ ആറരയോടെയാണ് സംഭവം.

കാലിന് ഒടിവുണ്ടായതിനെ തുടർന്ന് ആശുപത്രിയിൽ ശസ്ത്രക്രിയക്ക് ശേഷം ചികിത്സയിൽ കഴിയുകയായിരുന്നു ലക്ഷ്മിന. ചികിത്സ തേടിയെത്തിയ രോഗിയെന്ന വ്യാജേനയാണ് ഗുർപ്രീത് ആശുപത്രിൽ പ്രവേശിച്ചത്. മരുന്ന് വാങ്ങിയ ശേഷം വാർഡിലേക്ക് കയറിയ ഇയാൾ ലക്ഷ്മിനയുടെ തലയ്ക്കു നേരെ വെടിയുതിർക്കുകയായിരുന്നു. ലക്ഷ്മിന സംഭവസ്ഥലത്തു വച്ച് തന്നെ മരിച്ചു.

കൊലപാതകത്തിന് ശേഷം രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ നാട്ടുകാർ ചേർന്ന് പിടികൂടി പോലീസിൽ ഏൽപ്പിച്ചു. ജോലി അന്വേഷിച്ചാണ് ഇയാൾ ചന്ദൗലിയിൽ എത്തിയതെന്നാണ് പോലീസിനോട് പറഞ്ഞത്. കൊലപാതകത്തിന് പിന്നിലെ യഥാർഥ കാരണം ഇതുവരെ വ്യക്തമായിട്ടില്ല.

മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി അയച്ചിട്ടുണ്ടെന്നും സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണെന്നും പോലീസ് പറഞ്ഞു.

## ഹോർമുസ് കടലിടുക്കിൽ ഇറാൻെറ 'ടോൾ' വരുന്നു; ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഇളവ്

ടെഹ്റാൻ: ലോകത്തിലെ ഏറ്റവും തന്ത്രപ്രധാനമായ കപ്പൽപ്പാതകളിൽ ഒന്നായ ഹോർമുസ് കടലിടുക്കിൽ കടുത്ത നിയന്ത്രണങ്ങളും ടോളും ഏർപ്പെടുത്തി ഇറാൻ. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പലുകളുടെ സഞ്ചാരം നിയന്ത്രിക്കുന്നതിനായി പേർഷ്യൻ ഗൾഫ് സ്ട്രൈറ്റ് അതോറിറ്റി എന്ന പുതിയ സംവിധാനത്തിന് ഇറാൻ രൂപം നൽകി. ഇതോടെ, ഈ പാതയിലൂടെ കടന്നുപോകുന്ന കപ്പലുകൾ ഇനി മുതൽ മുൻകൂർ അനുമതി വാങ്ങുകയും ടോൾ നൽകുകയും വേണം. ലോകത്തെ എണ്ണ വിതരണത്തിൻറെ അഞ്ചിലൊന്ന് ഭാഗവും കടന്നുപോകുന്ന ഈ പാതയിൽ ഇറാൻ പിടിമുറുക്കുന്നത് ആഗോള വിപണിയിൽ വലിയ ചലനങ്ങൾ ഉണ്ടാക്കിയേക്കാം. ഷിപ്പിംഗ് ജേണലായ 'ലോയ്ഡ്സ് ലിസ്റ്റ്' റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച്, ഹോർമുസ് കടലിടുക്ക് വഴി കടന്നുപോകാൻ ആഗ്രഹിക്കുന്ന കപ്പലുകൾ 'വെസ്സൽ ഇൻഫർമേഷൻ ഡിക്ലറേഷൻ' എന്ന ഫോം പൂരിപ്പിച്ചു നൽകണം. ഇതിൽ കപ്പലിനെക്കുറിച്ചുള്ള 40-ലധികം വിവരങ്ങൾ നൽകേണ്ടതുണ്ട്: ഉടമസ്ഥാവകാശം: കപ്പലിന്റെ ഉടമകൾ, ഇൻഷുറൻസ് വിവരങ്ങൾ.

ജീവനക്കാർ: കപ്പലിലെ ജീവനക്കാരുടെ ദേശീയത ഉൾപ്പെടെയുള്ള വിവരങ്ങൾ. യാത്ര: കപ്പൽ എവിടെ നിന്ന് വരുന്നു, എങ്ങോട്ട് പോകുന്നു, സഞ്ചാരപഥം തുടങ്ങിയവ.

**ആർക്കൊക്കെ അനുമതി ലഭിക്കും**

അമേരിക്കയുമായുള്ള തർക്കം നിലനിൽക്കുന്ന പശ്ചാത്തലത്തിൽ, അമേരിക്കൻ ഉപരോധങ്ങളെ പിന്തുണയ്ക്കുന്ന രാജ്യങ്ങൾക്ക് ഈ പാതയിലൂടെയുള്ള യാത്ര ദുഷ്കരമാകുമെന്ന് ഇറാൻ സൈനിക ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകി.

ഇന്ത്യയും പാകിസ്താനും ഉൾപ്പെടെയുള്ള രാജ്യങ്ങൾ തങ്ങളുടെ കപ്പലുകളുടെ സുരക്ഷിതമായ യാത്രയ്ക്കായി ഇറാനുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ രാജ്യങ്ങളുടെ കപ്പലുകൾക്ക് പ്രത്യേക അനുമതി ലഭിച്ചേക്കുമെന്നാണ് സൂചന.

അമേരിക്കയോ ഇസ്രയേലോ ആയി ബന്ധമുള്ള കപ്പലുകളെ ഈ വഴി കടത്തിവിടില്ലെന്ന് ഇറാൻ നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

## സമാധാനക്കരാർ തള്ളി ട്രംപ്; പശ്ചിമേഷ്യയിൽ യുദ്ധം തുടരും

വാഷിംഗ്ടൺ: രണ്ട് മാസത്തിലേറെയായി തുടരുന്ന പശ്ചിമേഷ്യൻ യുദ്ധം അവസാനിപ്പിക്കാനായി ഇറാൻ മുന്നോട്ടുവെച്ച സമാധാന നിർദേശങ്ങൾ അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് തള്ളി. ഇറാൻറെ നിബന്ധനകൾ 'തീർത്തും അംഗീകരിക്കാനാവില്ല'എന്ന് ട്രംപ് വ്യക്തമാക്കി. ഇതോടെ ആഴ്ചകൾ നീണ്ട ചർച്ചകൾക്ക് ശേഷം മേഖലയിൽ വീണ്ടും ശക്തമായ യുദ്ധത്തിന് സാധ്യതയേറി.

യുദ്ധം അവസാനിപ്പിക്കാൻ അമേരിക്കയിൽ ആഭ്യന്തര സമ്മർദ്ദം ശക്തമാകുന്നതിനിടയിലാണ് ട്രംപിൻറെ ഈ നിർണായക നീക്കം. ഇറാൻ സൈനികമായി പരാജയപ്പെട്ടുവെന്നും, യുദ്ധത്തിൻറെ പ്രധാന കാരണമായ ഇറാൻറെ ആണവ പദ്ധതികൾ നിയന്ത്രിക്കപ്പെട്ടതായും ട്രംപ് അവകാശപ്പെട്ടു.

തൻറെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ 'ട്രൂത്ത് സോഷ്യൽ' വഴിയാണ് ട്രംപ് ഇക്കാര്യം അറിയിച്ചത്. 'ഇറാൻറെ പ്രതിനിധികളുടെ മറുപടി ഞാൻ വായിച്ചു. എനിക്കത് ഇഷ്ടപ്പെട്ടില്ല - ഇത് തീർത്തും അംഗീകരിക്കാനാവില്ല! ' ട്രംപ് കുറിച്ചു.

ഇറാൻറെ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ട്രംപ് വെളിപ്പെടുത്തിയിട്ടില്ല. എന്നാൽ, പാകിസ്താൻ മുഖേനയാണ് ഇറാൻ തങ്ങളുടെ മറുപടി അമേരിക്കയ്ക്ക് കൈമാറിയത്.

വാൾസ്ട്രീറ്റ് ജേണലിൻറെ റിപ്പോർട്ട് പ്രകാരം ഇറാൻ പ്രധാനമായും രണ്ട് നിർദേശങ്ങളാണ് മുന്നോട്ടുവെച്ചത്:

ഇറാൻ ഉത്പാദിപ്പിച്ച ഉന്നത നിലവാരത്തിലുള്ള യുറേനിയം നേർപ്പിക്കുക, ബാക്കിയുള്ള യുറേനിയം ഒരു മൂന്നാം രാജ്യത്തേക്ക് മാറ്റുക, എന്നാൽ, ഭാവിയിൽ ചർച്ചകൾ പരാജയപ്പെടുകയോ അമേരിക്ക കരാറിൽ നിന്ന് പിന്മാറുകയും ചെയ്താൽ ഈ യുറേനിയം തിരികെ നൽകുമെന്ന് ഉറപ്പ് വേണമെന്ന് ഇറാൻ ആവശ്യപ്പെട്ടിരുന്നു. ഈ ഉറപ്പ് നൽകാൻ കഴിയില്ലെന്ന നിലപാടിലാണ് വാഷിംഗ്ടൺ.

## 'മൂന്നു മാസം ഉറങ്ങിയ മോദി രാജ്യത്തെ കോവിഡ് കാലത്തേക്കു കൊണ്ടുപോകുന്നു'

ഹൈദരാബാദ്: പശ്ചിമേഷ്യയിലെ യുഎസ്-ഇറാൻ യുദ്ധത്തെത്തുടർന്നു രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഒരു വർഷത്തേക്ക് സ്വർണം വാങ്ങരുത്, ഇന്ധന ഉപഭോഗം കുറയ്ക്കണം തുടങ്ങിയ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നിർദേശങ്ങളെ രൂക്ഷമായി വിമർശിച്ച് പ്രതിപക്ഷം.

ഇന്ധനപ്രതിസന്ധിയും മറ്റും മറികടക്കാൻ കാര്യമായൊന്നും ചെയ്യാത്ത കേന്ദ്ര സർക്കാർ രാജ്യത്തെ വീണ്ടും കോവിഡ് കാലത്തിനു സമാനമായ ലോക്ക്ഡൗണിലേക്കു നയിക്കുകയാണെന്ന് പ്രതിപക്ഷം കുറ്റപ്പെടുത്തി. ഊർജ സുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു.

മൂന്നു മാസമായിട്ടും കൃത്യമായ ബദൽ സംവിധാനങ്ങൾ ഒരുക്കാതെ ജനങ്ങളെ ബുദ്ധിമുട്ടിക്കാനാണ് പ്രധാനമന്ത്രി ശ്രമിക്കുന്നതെന്നു കോൺഗ്രസ് നേതൃത്വം കുറ്റപ്പെടുത്തി. എന്നാൽ, പ്രധാനമന്ത്രിയുടെ ആഹ്വാനം ആത്മനിർഭർ ഭാരതത്തിലേക്കുള്ള ചുവടുവയ്പാണെന്നു കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പ്രതികരിച്ചു.

കടുത്ത മിതവ്യയ നടപടികൾ പാലിച്ച് ജനങ്ങൾ സഹകരിക്കണമെന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ആഹ്വാനം ചെയ്തത്. പെട്രോൾ, ഡീസൽ ഉപഭോഗം കുറയ്ക്കുക, വിദേശയാത്രകൾ ഒഴിവാക്കുക, സ്വർണം വാങ്ങുന്നത് ഒരു വർഷത്തേക്കു മാറ്റിവയ്ക്കുക തുടങ്ങിയ നിർദേശങ്ങളാണു പ്രധാനമന്ത്രി മുന്നോട്ടുവച്ചത്. ഹൈദരാബാദിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തിൻറെ വിദേശനാണ്യ ശേഖരം സംരക്ഷിക്കേണ്ടതു നിലവിലെ സാഹചര്യത്തിൽ അനിവാര്യമാണെന്നു പ്രധാനമന്ത്രി ഓർമിപ്പിച്ചു. യുദ്ധം തുടങ്ങിയ ശേഷം ക്രൂഡ് ഓയിൽ വില ബാരലിന് 120 ഡോളറിലേക്ക് ഉയർന്നതും രൂപയുടെ മൂല്യം 95-ലേക്കു താഴ്ന്നതും രാജ്യത്തിനു വലിയ ബാധ്യതയാകുന്നുണ്ട്.

## ആക്രമിക്കാൻ വന്ന പുലിയോട് ധീരമായി പോരാടി ഹീറോയായി കൗമാരക്കാരൻ

ഭോപ്പാൽ: മധ്യപ്രദേശിൽ ആക്രമിക്കാൻ വന്ന പുലിയോട് ധീരമായി പോരാടി കൗമാരക്കാരൻ. പിപാരിയ ഫോറസ്റ്റ് ബീറ്റിന് കീഴിലുള്ള കുർസി ഖാപ ഗ്രാമത്തിലാണ് സംഭവം.

വീടിനടുത്തുള്ള ഒരു കൃഷിയിടത്തിനു സമീപം കളിച്ചുകൊണ്ടിരുന്ന എട്ടാം ക്ലാസ് വിദ്യാർഥിയായ 13 വയസുകാരൻ സത്യം താക്കൂറിനെയാണ് അടുത്തുള്ള കുറ്റിക്കാട്ടിൽ നിന്ന് വന്ന പുള്ളിപ്പുലി ആക്രമിച്ചത്.

സത്യ പുലിയെ അതിൻറെ കഴുത്തിൽ പിടിച്ചു നിർത്തി. കുട്ടിയുടെ വയറിലും കാലുകളിലും പുലിയുടെ നഖം കൊണ്ട് പരിക്കേറ്റിട്ടും പിടിവിട്ടില്ല. കുട്ടിയുടെ നിലവിളി കേട്ട് പിതാവ് മഹേന്ദ്ര സിംഗ് ഠാക്കൂറും കുടുംബാംഗങ്ങളും വടികളുമായി ഓടിയെത്തി. പുലിയും സത്യയും തമ്മിൽ മൽപ്പിടിത്തം നടത്തുകയായിരുന്നു അപ്പോൾ. എല്ലാവരും ബഹളം വച്ചതോടെ പുലി കാട്ടിലേക്ക് ഓടിപ്പോവുകയായിരുന്നു.

സത്യയുടെ വയറിനും കൈകാലുകൾക്കും പുലിയുടെ നഖം കൊണ്ടു പരിക്ക് പറ്റിയിട്ടുണ്ട്. പിപാരിയ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടിയുടെ ആരോഗ്യനില തൃപ്തികരമാണെന്നു ഡോക്ടർമാർ അറിയിച്ചു.

സംഭവമറിഞ്ഞ് വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. സത്യയ്ക്ക് അടിയന്തര ധനസഹായമായി 1,000 രൂപ അനുവദിച്ചിട്ടുണ്ടെന്നും കൂടുതൽ സഹായം നൽകുമെന്നും അധികൃതർ അറിയിച്ചു. വനമേഖലയോട് ചേർന്ന ഗ്രാമങ്ങളിൽ പുള്ളിപ്പുലികളുടെ സാന്നിധ്യം അപൂർവമല്ലെങ്കിലും, കുട്ടികൾക്കു നേരേ ഇത്തരം ആക്രമണങ്ങൾ അങ്ങനെ ഉണ്ടായിട്ടില്ലെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

## ഷോക്കേൽപ്പിച്ചു കൊല്ലാൻ ശ്രമം; ഭർത്താവിൻറെ ശരീരത്തിൽ വൈദ്യുതി കമ്പി ചുറ്റി ഭാര്യയും കാമുകനും

യവത്മാൽ: ഉറങ്ങിക്കിടന്ന ഭർത്താവിനെ വൈദ്യുതി ഷോക്കേൽപ്പിച്ചു കൊലപ്പെടുത്താൻ ശ്രമിച്ച ഭാര്യയും കാമുകനും മഹാരാഷ്ട്രയിൽ പിടിയിലായി.

മഹാരാഷ്ട്രയിലെ യവത്മാൽ ജില്ലയിലാണ് സിനിമയെ വെല്ലുന്ന ക്രൂരത അരങ്ങേറിയത്. കവടി മോറെ, കാമുകൻ വിഷ്ണു കാഡു എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തു.

തങ്ങളുടെ ബന്ധത്തിന് ഭർത്താവായ ഗജാനൻ മോറെ തടസമാകുമെന്ന് കണ്ടതോടെയാണ് ഇരുവരും ചേർന്ന് ഇയാളെ വകവരുത്താൻ പദ്ധതിയിട്ടത്. മേയ് മൂന്നിന് രാത്രി ഗജാനൻ മോറെ ഉറങ്ങിക്കിടക്കുമ്പോഴായിരുന്നു ആക്രമണം. ഒരു അലുമിനിയം കമ്പിയുടെ ഒരു വശം വൈദ്യുതി ലൈനിലും മറുവശം ഗജാനൻറെ ശരീരത്തിലുമാണ് പ്രതികൾ ബന്ധിപ്പിച്ചത്.

കറൻറ് കടത്തിവിട്ടതോടെ ശക്തമായ ഷോക്കേറ്റ് ഗജാനൻ ഞെട്ടി ഉണരുകയായിരുന്നു. ഷോക്കേറ്റതിനെത്തുടർന്ന് ഇയാളുടെ രണ്ട് കൈകളിലും ഗുരുതരമായി പൊള്ളലേറ്റു. ഉടൻ തന്നെ ഇയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സംഭവത്തിന് പിന്നാലെ ഒളിവിൽ പോയ പ്രതികളെ മേയ് എട്ടിന് പോലീസ് പിടികൂടി. കൊലപാതക ശ്രമത്തിന് ഉപയോഗിച്ച വയറുകളും പോലീസ് സംഭവസ്ഥലത്തുനിന്ന് കണ്ടെടുത്തിട്ടുണ്ട്. ഭാരതീയ ന്യായ സംഹിതയിലെ സെക്ഷൻ 109(1), 62(2) എന്നീ വകുപ്പുകൾ പ്രകാരം വധശ്രമത്തിനാണ് പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

പ്രണയബന്ധത്തിന് തടസമാകുന്നവരെ ഇല്ലാതാക്കാൻ ഇത്രയും ക്രൂരമായ മാർഗം സ്വീകരിച്ചത് പ്രദേശവാസികളെയും ഞെട്ടിച്ചിരിക്കുകയാണ്.

## ചോറ്റാനിക്കരയിൽ കാറും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് അപകടം; ഡ്രൈവർക്ക് ഗുരുതര പരിക്ക്

കൊച്ചി: എറണാകുളം ചോറ്റാനിക്കരയിൽ കാറും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് ഉണ്ടായ അപകടത്തിൽ ഓട്ടോ ഡ്രൈവർക്ക് ഗുരുതര പരിക്ക്. ഞായറാഴ്ച രാത്രിയോടെയാണ് അപകടം സംഭവിച്ചത്. അപകടത്തിൻറെ ആഘാതത്തിൽ ഓട്ടോറിക്ഷ പൂർണമായും തകർന്ന നിലയിലാണ്. വാഹനത്തിനുള്ളിൽ കുടുങ്ങിപ്പോയ ഡ്രൈവറെ ഓട്ടോറിക്ഷയുടെ ഭാഗങ്ങൾ മുറിച്ചു മാറ്റിയാണ് പുറത്തെടുത്തത്. പരിക്കേറ്റയാളെ ഉടൻ തന്നെ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തിൽപ്പെട്ട വ്യക്തിയെ കുറിച്ചുള്ള വിവരങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല. അപകടം നടന്ന സാഹചര്യം പോലീസ് പരിശോധിച്ചു വരികയാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഗ്രാമങ്ങളുടെ പുരോഗതി നൈപുണ്യ വികസനത്തിലൂടെ: ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന 2.0- ആർ.എസ്ഇ.ടി.ഐ 2.0 റീജിയണൽ ശിൽപ്പശാലയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി




തിരുവനന്തപുരം, മെയ് 11: കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രധാന തൊഴിൽദായക പദ്ധതികളായ ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (DDU-GKY 2.0), റൂറൽ സെൽഫ് എംപ്ലോയിമെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI 2.0) എന്നിവയുടെ ദ്വിദിന റീജിയണൽ ശിൽപ്പശാലയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. മെയ് 11, 12 തീയതികളിലായി ആക്കുളത്തെ ഗോകുലം ഗ്രാൻഡിൽ വച്ചാണ് ശിൽപ്പശാല നടക്കുന്നത്.

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം (സ്കിൽസ്) ഡയറക്ടർ ശ്രീ. രാജ് പ്രീ സിംഗ് ഐഎഫ്എസ് ശിൽപ്പശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. എച്ച്. ദിനേശൻ ഐഎഎസ് യോഗത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു.

മണിപ്പൂർ സ്റ്റേറ്റ് റൂറൽ ലൈവ്‌ലിഹുഡ് മിഷൻ ഡയറക്ടർ ശ്രീമതി ബന്ദന ദേവി ഐഎഎസ്, എസ്എൽബിസി കൺവീനർ ശ്രീ. സന്തോഷ് വി.എസ്, നാഷണൽ അക്കാഡമി ഓഫ് ആർയുഡിഎസ്ഇടിഐ (NAR) ഡയറക്ടർ ജനറൽ ശ്രീ. രാജു എൻ. കോറി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ് ആൻഡ് പഞ്ചായത്തീരാജ് (NIRDPR) ട്രെയിനിംഗ് ആൻഡ് ഡെവലപ്പ്മെന്റ് ഡയറക്ടർ ഡോ. സന്ധ്യ ഗോപകുമാരൻ, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ ഐടി വിഭാഗം സീനിയർ ടെക്നിക്കൽ ഡയറക്ടർ ശ്രീ ജി.വി.എസ്.എൻ. മൂർത്തി തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. ഡിഡിയു-ജികെവൈ കേരള ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശ്രീ. എസ്. ദിലീപ് ശിൽപ്പശാലയുടെ ഉദ്ഘാടനച്ചടങ്ങിന് നന്ദി രേഖപ്പെടുത്തി.

ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ 2026-28 സാമ്പത്തിക വർഷത്തേയും, ആർ.എസ്.ഇ.റ്റി.ഐയുടെ 2026-27 സാമ്പത്തിക വർഷത്തെയും കർമ്മ പദ്ധതി (Action Plan) ചർച്ച ചെയ്യുന്നതിനും ഈ പദ്ധതികളുടെ കൂടുതൽ ഫലപ്രദമായ നടത്തിപ്പിനും വേണ്ടിയുള്ള നയരൂപീകരണങ്ങൾക്കുമായാണ് ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചിരിക്കുന്നത്. ഗ്രാമീണ വികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിലുള്ള ഈ പദ്ധതികളുടെ പുതിയ പതിപ്പായ 2.0-ന്റെ നടത്തിപ്പും,

ഭാവി ലക്ഷ്യങ്ങളും, പുതിയ മാർഗ്ഗരേഖകളും വിശദമായി ശിൽപ്പശാലയിൽ ചർച്ച ചെയ്യും.

ഗ്രാമീണ മേഖലയിലെ കുടുംബങ്ങളിലെ യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി പ്ലേസ്മെന്റ് ഉറപ്പാക്കി മികച്ച വേതനം ലഭ്യമാക്കുകയെന്നതാണ് ഡി.ഡി.യു-ജി.കെ.വൈ ലക്ഷ്യമിടുന്നത്. ഇതിനൊപ്പം തന്നെ ഗ്രാമീണ മേഖലയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആർ.എസ്.ഇ.ടി.ഐ സംരംഭങ്ങളുടെ വിപുലീകരണവും നവീകരണവും ശിൽപ്പശാലയിൽ പ്രധാന ചർച്ചാവിഷയമാകും. മാറുന്ന കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് തൊഴിൽ പരിശീലന പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ഗ്രാമീണ യുവാക്കളുടെ സാമ്പത്തിക ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുമുള്ള സുപ്രധാന തീരുമാനങ്ങളും ചർച്ചകളും അവതരണങ്ങളും രണ്ടു ദിവസങ്ങളിലായി നടക്കുന്ന ശിൽപ്പശാലയിൽ ഉണ്ടാകും.

കേരളത്തിന് പുറമെ ഗുജറാത്ത്, മണിപ്പൂർ, പശ്ചിമ ബംഗാൾ, മേഘാലയ, നാഗാലാൻഡ്, ത്രിപുര, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും, കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ, നാഷണൽ അക്കാഡമി ഓഫ് ആർയുഡിഎസ്ഇടിഐ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ് ആൻഡ് പഞ്ചായത്തീരാജ് എന്നീ കേന്ദ്ര ഏജൻസികളിൽ നിന്നുള്ള ഉന്നത പ്രതിനിധികളും ബാങ്കുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും ശിൽപ്പശാലയിൽ പങ്കെടുക്കുന്നുണ്ട്. മെയ് 12-ന് ശിൽപ്പശാല സമാപിക്കും.

## കരുണാകരനും സോണിയയും അകന്നത് പത്മജയുടെ പേരിൽ, വെളിപ്പെടുത്തലുമായി കെ. വി. തോമസിന്റെ പുസ്തകം

തിരുവനന്തപുരം: കെ. കരുണാകരനും സോണിയ ഗാന്ധിയും അകലാൻ കാരണം പത്മജ വേണുഗോപാലിന് സീറ്റ് നിഷേധിച്ചതിനെ ചൊല്ലിയെന്ന് കെ. വി. തോമസിൻറെ വെളിപ്പെടുത്തൽ. കുമ്പളങ്ങി മുതൽ ചെങ്കോട്ട വരെ എന്ന കെ. വി. തോമസിൻറെ പുസ്തകത്തിലാണ് തുറന്നുപറച്ചിൽ.

കെ. മുരളീധരനെ കെപിസിസി അധ്യക്ഷനാക്കാൻ സോണിയയ്ക്ക് താൽപര്യമുണ്ടായിരുന്നില്ല. പ്രധാനമന്ത്രിയായ ശേഷവും പി. വി. നരസിംഹറാവുവിനെ കരുണാകരൻ പി. വി എന്ന് വിളിച്ചത് അതൃപ്തിക്ക് കാരണമായെന്നും കെ. വി. തോമസിൻറെ പുസ്തകത്തിൽ പറയുന്നു. 2001 നിയമസഭാ തിരഞ്ഞെടുപ്പിൽ മകൾ പത്മജ വേണുഗോപാലിനെ സ്ഥാനാർഥിയാക്കണമെന്ന് കരുണാകരൻ ആഗ്രഹിച്ചത് സോണിയ ഗാന്ധിയുമായുള്ള ബന്ധം വഷളാക്കി. സ്ഥാനാർഥി പട്ടികയിൽ സോണിയ ഗാന്ധിയുടെ പ്രതിനിധിയായി പത്മജയുടെ പേര് എഴുതിച്ചേർത്തതിൽ സോണിയ ദേഷ്യപ്പെട്ടു.

എന്തിനാണ് പത്മജക്കായി പുറംവാതിൽ നീക്കം നടത്തുന്നതെന്ന് സോണിയ ചോദിച്ചു. കെ. മുരളീധരനെ കെപിസിസി അധ്യക്ഷനാക്കിയത് സോണിയയ്ക്ക് ഒട്ടും ഇഷ്ടമില്ലായിരുന്നു. മന്ത്രിസഭയുടെ മുന്നോട്ടുപോക്കിന് വേണ്ടി വഴങ്ങുകയായിരുന്നു. ഹൈക്കമാൻഡിനെ എതിർത്ത് കോടോത്ത് ഗോവിന്ദൻ നായരെ രാജ്യസഭാ സ്ഥാനാർഥിയാക്കിയത് കരുണാകരനും സോണിയയും തമ്മിലെ അകലം വർധിപ്പിച്ചു.

എ. കെ. ആൻറണി മുഖ്യമന്ത്രിയായിരിക്കെ മന്ത്രിസഭാ യോഗത്തിന് മുൻപ് കോൺഗ്രസ് മന്ത്രിമാർ ഫയലുമായി കരുണാകരൻറെ വീട്ടിൽ എത്തുന്നതിനെ താൻ എതിർത്തതായി കെ. വി. തോമസ് പറയുന്നു. രാജി സന്നദ്ധതയും അറിയിച്ചു. ഫ്രഞ്ച് ചാരക്കേസും ഹവാലാ വിവാദവും പുസ്തകത്തിൽ വിശദമായുണ്ട്. എന്നാൽ കെ. വി. തോമസിൻറെ പുസ്തകത്തിലുള്ള കാര്യങ്ങൾ തെറ്റാണെന്ന് തുറന്നടിച്ച് പത്മജാ ഗോപാൽ രംഗത്തെത്തി. കെ. വി. തോമസിനെ കുറിച്ച് എഴുതിയാൽ ആ പേന പോലും മോശമാകുമെന്നും അവർ വ്യക്തമാക്കി.

## സർട്ടിഫിക്കറ്റ് കൈപ്പറ്റണം

ചാക്ക ആർ.ഐ സെന്ററിന്റെ അധികാര പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങളിൽ അപ്രന്റിസ്ഷിപ്പ് ട്രെയിനിംഗ് പൂർത്തിയാക്കി പരീക്ഷയിൽ വിജയിച്ച ട്രെയിനികളിൽ (2018 ന് മുൻപ് പരീക്ഷ എഴുതിയവർ) ഇതേവരെയും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാത്തവർ ചാക്ക ആർ.ഐ സെന്ററിൽ ബന്ധപ്പെട്ട രേഖകളുമായി നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് കൈപ്പറ്റണം.

## 'മുഖ്യമന്ത്രി ആരായാലും സന്തോഷം; തൊഴിലാളികൾക്ക് വേണ്ടി നിലകൊള്ളും': എ. ഡി. തോമസ്

ആലപ്പുഴ: ആലപ്പുഴയുടെ നിയുക്ത എംഎൽഎ എ. ഡി. തോമസ് തൻറെ കർമ പദ്ധതികളെ കുറിച്ച് സംസാരിക്കുന്നു. പതിനാറാം നിയമസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ നിയമസഭാ സാമാജികന് യുവാക്കളോട് പറയാനുള്ളത്

കഴിഞ്ഞ സർക്കാർ പിൻവാതിൽ നിയമനങ്ങളിലൂടെ തങ്ങൾക്ക് വേണ്ടപ്പെട്ടവരെ തിരുകിക്കയറ്റി അർഹിച്ച നിയമനങ്ങൾ നടത്താതിരുന്നതിനെതിരേയും പിഎസ്സിയുടെ കെടുകാര്യസ്ഥതയ്ക്കെതിരേയും നിരവധി സമരങ്ങൾ നയിച്ചയാളാണ് ഞാൻ. അതുകൊണ്ടുതന്നെ ഈ സർക്കാർ പിഎസ് സി സംവിധാനങ്ങൾ കൂടുതൽ സുതാര്യമാക്കും.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പിൻവാതിൽ നിയമനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യും. തൊഴിലും കൂടുതൽ വരുമാന സാഹചര്യവും ഉണ്ടാകുന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ച് യുവ തലമുറയെ ഈ രാജ്യത്ത് തന്നെ നിലനിർത്തുന്നത്തിനുള്ള ഇടപെടൽ സ്വീകരിക്കും.

**പരമ്പരാഗത തൊഴിൽ സംരക്ഷണം ഉറപ്പു നൽകും**

ആലപ്പുഴ ജില്ലയിലെ കയർ മേഖലയിൽ കഴിഞ്ഞ കുറെ വർഷങ്ങളായി കൂലി വർധനവ് ഉണ്ടായിട്ടില്ല. കയർ വ്യവസായം തകർച്ചയുടെ വക്കിലാണ്. പരമ്പരാഗത മത്സ്യബന്ധന മേഖലയ്ക്കും കഴിഞ്ഞ സർക്കാർ വേണ്ടവിധത്തിലുള്ള സംരക്ഷണം ഉറപ്പു നൽകിയിരുന്നില്ല. മത്സ്യത്തൊഴിലാളിയാണ് ഞാൻ, അവരുടെ പ്രശ്നങ്ങൾ നേരിട്ട് അനുഭവിക്കുന്നവൻ. അതുകൊണ്ടുതന്നെ പരമ്പരാഗത തൊഴിൽ മേഖലയുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകും.

**ആലപ്പുഴയുടെ ടൂറിസം വ്യവസായം, കനാൽ നവീകരണം.**

ടൂറിസം മേഖല ഏറ്റവും അധികം പ്രയോജനപ്പെടുത്താൻ കഴിയുന്ന ജില്ലയാണ് ആലപ്പുഴ. കെ. സി. വേണുഗോപാൽ ടൂറിസം മന്ത്രി ആയിരുന്ന കാലഘട്ടത്തിലാണ് ജില്ലയിലെ ടൂറിസം മേഖലയിൽ വലിയൊരു പുരോഗതി ഉണ്ടായത്. കനാൽ നവീകരണമടക്കം നിരവധി പദ്ധതികൾ അദ്ദേഹം നടപ്പിലാക്കി. എന്നാൽ കഴിഞ്ഞ സർക്കാരിൻറെ ഭാഗത്തുനിന്നും ആലപ്പുഴയിലെ ടൂറിസം മേഖല നേരിട്ടത് അവഗണനയാണ്.

നിരവധി തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന, അനേകം കുടുംബങ്ങളുടെ ആശ്രയമാണ് ആലപ്പുഴയിലെ ടൂറിസം മേഖല. അതുകൊണ്ട് തന്നെ ആലപ്പുഴയിലെ ടൂറിസം വ്യവസായത്തെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കും. മുഖ്യമന്ത്രി ആരായാലും സന്തോഷം.

പാർട്ടി നേതൃത്വമാണ് മുഖ്യമന്ത്രിയെ തീരുമാനിക്കേണ്ടത്. ആര് മുഖ്യമന്ത്രിയായാലും സംസ്ഥാനത്തിൻറെ വികസന കാര്യങ്ങൾക്കും ജനക്ഷേമപ്രവർത്തനങ്ങൾക്കു ഒരുപോലെ പിന്തുണ നൽകി ഒപ്പമുണ്ടാകും കെ. സി. വേണുഗോപാൽ എൻറെ നേതാവാണ്. എൻറെ നേട്ടങ്ങളുടെ പിന്നിൽ അദ്ദേഹമാണ്. ചേർത്തല സെൻറ് മൈക്കിൾസ് കോളജിൽ വിദ്യാർഥിയായിരുന്ന കാലം മുതൽ രാഷ്ട്രീയപരമായും വ്യക്തിപരമായും സംരക്ഷിക്കുകയും ചേർത്തുനിർത്തുകയും ചെയ്തയാളാണ് കെ. സി. എൻറെ ജീവിതത്തിൽ എനിക്ക് എൻറെ മാതാപിതാക്കളെ പോലെ തന്നെയാണ് കെ. സി. വേണുഗോപാൽ.

**എല്ലാവരോടും നന്ദി**

ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിൽ, പരിമിതമായ സാഹചര്യത്തിൽ ജനിച്ചു വളർന്ന എന്നെ വിജയിപ്പിച്ച ആലപ്പുഴയിലെ ജനങ്ങളോട് തീർത്താൽ തീരാത്ത കടപ്പാടുണ്ട്.

അത് ഇനിയുള്ള പ്രവർത്തനങ്ങളിലും ഉണ്ടാകും. 5000, 6000 വോട്ടിൻറെ ഭൂരിപക്ഷത്തിലുള്ള ജയമാണ് ഞാൻ പ്രതീക്ഷിച്ചത്.

എന്നാൽ 20, 000 ത്തിൽ അധികം വോട്ടിൻറെ ഭൂരിപക്ഷത്തിലുള്ള വിജയം ആലപ്പുഴ എനിക്ക് നൽകി. വിവിധ മേഖലയിലെ തൊഴിലാളികൾ എല്ലാവരും എന്നെ ഏറ്റെടുക്കുകയും വിജയിപ്പിക്കുകയും ചെയ്തു. എല്ലാവരോടും നന്ദി.

## കവടിയാറിലെ അപകട മരണം: വിരൽ ചൂണ്ടുന്നത് സംവിധാനങ്ങളുടെ പാളിച്ചകളിലേക്ക്

തിരുവനന്തപുരം: കുറവൻകോണം - കവടിയാർ റോഡിൽ സാൽവേഷൻ ആർമി സ്കൂളിന് സമീപം വെള്ളിയാഴ്ച രാവിലെ ഉണ്ടായ അപകടമരണം വിരൽ ചൂണ്ടുന്നത് ട്രാഫിക് ക്രമീകരണങ്ങളിലെ പാളിച്ചകളിലേക്ക്.

കുറവൻകോണം സ്വദേശി മോഹൻ തോമസ് (75) ഓടിച്ചിരുന്ന കാർ നിയന്ത്രണം വിട്ട് വഴിയാത്രികയെ ഇടിച്ചിടുകയും ഗുരുതരമായി പരിക്കേറ്റ ഇവർ ആശുപത്രിയിലേക്കുള്ള വഴിമധ്യേ മരണപ്പെടുകയുമായിരുന്നു. പാലക്കാട് സ്വദേശിനി എൻ. നൗഷിജ (25) ആണ് മരിച്ചത്. ഇവരുടെ ഭർത്താവ് ആഷിഖ് ഇനിയും അപകടനില തരണംചെയ്തിട്ടില്ല. അപകട സാധ്യത കൂടിയ മേഖലകളിൽ കാൽനട യാത്രക്കാർക്കുള്ള ഫുട്പാത്തിൽ സുരക്ഷാ വേലികൾ സ്ഥാപിച്ചിട്ടില്ല. ഇൻറർലോക്ക് ഇട്ട നടപ്പാതയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോഴാണ് അപ്രതീക്ഷിതമായി നിയന്ത്രണംവിട്ട കാർ യുവതിയെ ഇടിച്ചുതെറിപ്പിച്ചത്. പലപ്പോഴും കുറവൻകോണം-കവടിയാർ റോഡിലൂടെയുള്ള യാത്ര തീരെ സുരക്ഷിതമല്ല. റോഡിൻറെ ഇരുവശങ്ങളിലുമായി ഭക്ഷണശാലകൾ രാവിലെയും വൈകുന്നേരങ്ങളിലും ഏറെ സജീവമാണ്. വഴിയോര ഭക്ഷണശാലകളിലും മറ്റും എത്തുന്നത് ദിനംപ്രതി നൂറുകണക്കിന് പേരാണ്. ഇവർനിന്ന് ആഹാരം കഴിക്കുന്നതും വഴിയോരത്തു തന്നെയാണ്.

ഇടയ്ക്ക് പോലീസ് ഇടപെട്ട് വഴിയോര കച്ചവടം വിലക്കിയിരുന്നതാണ്. അതു വീണ്ടും പുനരാരംഭിക്കുകയായിരുന്നു. കാർ നിയന്ത്രണംവിട്ട് ഇത്തരം തട്ടുകളുടെ സമീപം നിൽക്കുന്ന ജനക്കൂട്ടത്തിലേക്കാണ് പാഞ്ഞുകയറിയിരുന്നതെങ്കിൽ സ്ഥിതി മറ്റൊന്നാകുമായിരുന്നു. വളരെ പരിമിതമായ സ്ഥലങ്ങളിലാണ് ഫുട്പാത്തുകൾക്ക് സുരക്ഷാവേലികൾ ഉള്ളത്.

അതേസമയം ആവശ്യമില്ലാത്ത സ്ഥലങ്ങളിലെല്ലാം സുരക്ഷാ വേലികൾ സ്ഥാപിച്ചിട്ടുമുണ്ട്. രാവിലെയും വൈകുന്നേരങ്ങളിലും തിരക്കേറിയ സമയങ്ങളിൽ ട്രാഫിക് പോലീസിൻറെ സേവനം ഈ ഭാഗത്ത് ഇല്ല. ഉള്ളത് സ്വകാര്യ സ്കൂളിന് സമീപം മാത്രം. ഇവിടെനിന്ന് വാഹനങ്ങളെ പുറത്തേക്ക് കടത്തിവിടുന്നതിന് ഹോം ഗാർഡുകളുടെ സേവനമാണ് ഇവിടെയുള്ളത്.

കവടിയാറിലെ ട്രാഫിക് ക്യാമറകൾ ഇടവിട്ടുള്ള ദിവസങ്ങളിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. ഇവ ഇടയ്ക്കിടെ പ്രവർത്തനരഹിതമാകുന്നതും പതിവാണ്. വിശാലമായി കിടക്കുന്ന ഒരു കിലോമീറ്ററോളം ദൈർഘ്യം വരുന്ന കുറവൻകോണം-കവടിയാർ റോഡിലൂടെ അമിത വേഗത്തിലാണ് കാറുകളും ഇരുചക്ര വാഹനങ്ങളും സഞ്ചരിക്കുന്നത്. ഇവരെ നിയന്ത്രിക്കുന്നതിന് യാതൊരു സംവിധാനവും ഇവിടെയില്ല.

കവടിയാർ-വെള്ളയമ്പലം റോഡിലെ ബൈക്ക് റേസിംഗും കാർ റേസിംഗും കുപ്രസിദ്ധിയാർജിച്ചതാണ്. ഇതിനൊരു അവസാനം വരുത്താൻ ഇനിയും പോലീസിന് കഴിഞ്ഞിട്ടില്ല. ഓരോ മാസവും നിരവധി സുരക്ഷാ വേലികളാണ് വാഹനങ്ങൾ ഇടിച്ച് തകർക്കുന്നത്. ഇവ പുനഃസ്ഥാപിക്കപ്പെടാറില്ല എന്നതാണ് യാഥാർഥ്യം.

അമിതവേഗത്തിൽ ചീറിപ്പായുന്ന വാഹനങ്ങൾക്ക് പിഴ ഈടാക്കുന്ന പതിവൊന്നും ഈ ഭാഗത്തില്ല. ആകെയുള്ളത് കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള വളരെ കൃത്യമായി പ്രവർത്തിക്കുന്ന രണ്ട് കാമറകളാണ്. ഇവ വാഹനങ്ങളുടെ അമിതവേഗം 50 കിലോമീറ്റർ സ്പീഡ് കഴിഞ്ഞാൽ രേഖപ്പെടുത്തുമെങ്കിലും മിക്ക വാഹനയാത്രികരും ഇതിനെക്കുറിച്ച് അജ്ഞരാണ്. വാഹനങ്ങൾ കൈമാറ്റം ചെയ്യുന്ന സമയത്താണ് ഇത്തരത്തിലുള്ള പിഴ വാഹനത്തിന് വന്നു കിടക്കുന്നതായി ഇവരുടെ ശ്രദ്ധയിൽപ്പെടുന്നത്.

കവടിയാറിൽ അപകടമരണം വരുത്തിവെച്ച കാർ ഡ്രൈവർ മോഹൻ തോമസ് താൻ മനപ്പൂർവ്വം അപകടമുണ്ടാക്കിയതല്ലെന്നും രക്തസമ്മർദ്ദം വർധിച്ചതുമൂലം വാഹനത്തിൻറെ നിയന്ത്രണം വിട്ടുപോയതാണെന്നും പറയുന്നുണ്ടെങ്കിലും രാജവീഥിയായ ഈ ഭാഗത്ത് പോലീസിൻറെ ശക്തമായ പരിശോധന ഉണ്ടാകേണ്ടത് അനിവാര്യമാണ് എന്നുള്ള സത്യമാണ് വെളിച്ചത്തു കൊണ്ടുവരുന്നത്.

ഹെൽമറ്റും സീറ്റ് ബെൽറ്റും ധരിച്ചു കഴിഞ്ഞാൽ തങ്ങൾ സുരക്ഷിതരാണെന്ന് ധാരണ വാഹനം ഓടിക്കുന്നവർക്ക് ഉണ്ടാകുമ്പോൾ തുടർപരിശോധനകളുടെ നേരേ പോലീസും കണ്ണടയ്ക്കുന്നു. അപകടമുണ്ടാകുന്ന സ്പോട്ടിൽ നിന്ന് വാഹനങ്ങളുടെ ഇളകിപ്പോയ ഭാഗങ്ങൾ നീക്കം ചെയ്യാനോ തകർന്ന സുരക്ഷാ വേലികൾ പുനഃസ്ഥാപിക്കാനോ അധികൃതർ മെനക്കെടാറില്ല. പേരൂർക്കട പോലീസും മ്യൂസിയം പോലീസും അതിർത്തി പങ്കിടുന്ന പ്രദേശം കൂടിയാണ് കുറവൻകോണം - കവടിയാർ റോഡ്. അമിതവേഗത്തിനും പൂർണമായും ഫിറ്റ്നസ് ഇല്ലാതെയുള്ള വാഹനം കൈകാര്യം ചെയ്യലിനും കനത്ത പിഴയും ശിക്ഷയും ഉറപ്പാക്കിയാൽ മാത്രമേ രാജവീഥിയിൽ ഇനിയൊരു അപകട മരണം ഉണ്ടാകാതിരിക്കുകയുള്ളൂ.

## മാനസിക വെല്ലുവിളി നേരിടുന്ന മകൻ അമ്മയുടെ മൃതദേഹത്തിനോപ്പം കഴിഞ്ഞത് നാല് ദിവസത്തോളം

മാങ്ങാനം: നാലുദിവസം മുൻപ് മരിച്ച അമ്മയുടെ മൃതദേഹത്തിനു മാനസിക വെല്ലുവിളി നേരിടുന്ന മകൻ കാവലിരുന്നു. മാങ്ങാനം താമരശ്ശേരി അമ്പലത്തിനു സമീപം പരേതനായ പി. ഐ. ഭാസ്കരൻറെ ഭാര്യ കെ. കെ. ഭാനുമതി (80) യുടെ മൃതദേഹത്തിനരികിലാണ് മകൻ പ്രവീൺ കാവലിരുന്നത്.

ഇന്നലെ വൈകുന്നേരം വീട്ടിൽനിന്ന് ദുർഗന്ധം ഉണ്ടായതോടെ സമീപവാസികൾ പോലീസിനെ വിവരമറിയിക്കുകയായിരുന്നു. പോലീസെത്തി വീടിനുള്ളിൽ പരിശോധന നടത്തിയപ്പോഴാണ് മരിച്ച നിലയിൽ ഭാനുമതിയെ കണ്ടെത്തിയത്.

കോടതി ഉദ്യോഗസ്ഥയായിരുന്ന ഭാനുമതിയുടെ ഭർത്താവ് വർഷങ്ങൾക്ക് മുന്പ് മരണമടഞ്ഞിരുന്നു. തുടർന്ന് അമ്മയും മകനും മാത്രമായിരുന്നു താമസം.

പ്രവീണിനെ പോലീസ് പുതുപ്പള്ളിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സമീപത്തുള്ള ബന്ധുക്കളുമായി ഇവർക്ക് ബന്ധമില്ലായിരുന്നുവെന്ന് പോലീസ് പറഞ്ഞു. മൃതദേഹം ജനറൽ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

## പന്നിയുടെ ആക്രമണത്തിൽ വയോധികയ്ക്ക് ഗുരുതര പരിക്ക്

അടൂർ: പന്നിയുടെ ആക്രമണത്തിൽ വയോധികയ്ക്ക് ഗുരുതര പരിക്ക്. അടൂർ തെങ്ങമം പൗർണമി ജംഗ്ഷൻ അനിൽ ഭവനത്തിൽ താമരാക്ഷി (75) ക്കാണ് പരിക്കേറ്റത്. വീടിന് സമീപത്തെ പറമ്പിൽ നിൽക്കുമ്പോഴായിരുന്നു പന്നിയുടെ ആക്രമണം ഉണ്ടായത്.

താമരാക്ഷിയുടെ നിലവിളി ശബ്ദം കേട്ട് വീട്ടുകാർ ഓടിയെത്തിയപ്പോൾ രക്തം വാർന്ന നിലയിൽ അവശയായി കിടക്കുകയായിരുന്നു. കാലിനാണ് ഗുരുതരമായി പരിക്കേറ്റ ഇവർ നിലവിൽ അടൂർ ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്.

## കെ. വി. തോമസ് വല്ലതും പറഞ്ഞാൽ പഴയ ചരിത്രം വിളിച്ചു പറയേണ്ടി വരും: പത്മജ വേണുഗോപാൽ

തൃശൂർ: കെ. കരുണാകരനെക്കുറിച്ചുള്ള കെ. വി. തോമസിൻറെ പുസ്തകത്തിലെ ആരോപണങ്ങൾക്ക് മറുപടിയുമായി പത്മജ വേണുഗോപാൽ.

കെ. വി. തോമസ് കെ. കരുണാകരനെ ചതിച്ചു. കെ. കരുണാകരൻ ക്ഷീണിതനായപ്പോൾ കെ. വി. തോമസ്, എ. കെ. ആൻറണിക്ക് അടുത്തേക്ക് പോയി. അവിടെ നിന്നാണ് പിണറായി വിജയൻറെ അടുത്തേക്ക് പോയത്. കാര്യം കാണാൻ ഇത്രയും നുണ പറയുന്ന ഒരു മനുഷ്യൻ വേറെയില്ലെന്നും പത്മജ വേണുഗോപാൽ പറഞ്ഞു.

കെ കരുണാകരനും സോണിയ ഗാന്ധിയും തെറ്റാൻ ഞാനാണ് കാരണമെന്ന് പറയുന്നത് തെറ്റാണ്. ചാലക്കുടിയിൽ തന്നെ മത്സരിപ്പിക്കാൻ അച്ഛന് ആഗ്രഹമുണ്ടായിരുന്നു. താൻ തന്നെയാണ് അതിൽ നിന്നും പിന്മാറിയത്. കെ. വി. തോമസിൻറെ പുസ്തകത്തിൽ പറയുന്നത് മുഴുവൻ തെറ്റാണ്. പുസ്തകം വിറ്റുപോകാൻ വേണ്ടിയാണ് ഇതൊക്കെ പറയുന്നത്. മരിച്ചുപോയ മനുഷ്യനോട് നന്ദി വേണ്ട, കുറ്റപ്പെടുത്തുന്നത് കണ്ടപ്പോൾ വിഷമം തോന്നിയെന്നും പത്മജ പറഞ്ഞു.

കെ. മുരളീധരനെ കെപിസിസി അധ്യക്ഷൻ ആക്കുന്നതിൽ സോണിയ ഗാന്ധിക്ക് എതിർപ്പുണ്ടായിരുന്നെന്ന വാദവും തെറ്റാണ്. എങ്ങനെ കെ. വി. തോമസ്, തോമസ് ആയി എന്നോർത്താൽ നല്ലത്. കെ. വി. തോമസ് വല്ലതും പറഞ്ഞാൽ പഴയ ചരിത്രം വിളിച്ചു പറയേണ്ടി വരും. കെ. വി. തോമസ് അടുത്ത് ആരുടെ അടുത്തേക്കാണ് പോകുന്നത് എന്ന് എനിക്കറിയില്ല. അവരെ സന്തോഷിപ്പിക്കാൻ ആണോ ബുക്ക് വിൽക്കാൻ ആണോ ഇതൊക്കെ പറഞ്ഞത് എന്നറിയില്ലെന്നും പത്മജ പറഞ്ഞു. തൃശൂരിൽ ബിജെപിയുടെ ശക്തി കേന്ദ്രങ്ങളിൽ വോട്ട് ചോർന്നത് അന്വേഷിക്കണ്ടേ കാര്യമാണ്. ഇക്കാര്യം പാർട്ടിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജനങ്ങൾക്ക് എൽഡിഎഫിനോടുള്ള ദേഷ്യമാണ് ഇത്തവണ തെരഞ്ഞെടുപ്പിൽ കണ്ടത്. തൃശൂർ എൻറെ നാടാണെന്നും പാർട്ടി പറഞ്ഞാൽ ഇനിയും മത്സരിക്കുമെന്നും പത്മജ പറഞ്ഞു.